# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെമ്മരുതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/ജി.പി.7/2136/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 05/01/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്മരുതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/ജി.പി.7/2136/2022 തീയ്യതി: 05/01/2023

## തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 70 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 58 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 23-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി., ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി രശ്മി.ആർ.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരത്.ജെ. ശങ്കർ, ഓഡിറ്റർ
ശ്രീമതി മിനിമോൾ.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രിയങ്ക.വി. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ബിജി ജോസഫ് | സെക്രട്ടറി | 01-04-2021 | 21-04-2021 |
| ശ്രീ. കിരൺചന്ദ്.എസ്.ഡി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-04-2021 | 05-05-2021 |
| ശ്രീമതി ബിജി ജോസഫ് | സെക്രട്ടറി | 06-05-2021 | 10-08-2021 |
| ശ്രീ. അജിത്ത് കുമാർ.സി. | സെക്രട്ടറി | 11-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രീതി.ആർ. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ഹിഷാം.എ. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. അൻവർ അബ്ബാസ്. | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ. മുരളീകൃഷ്ണൻ.കെ.എസ്. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ഷൈലി.എസ്.രാജു. | മെഡിക്കൽ ഓഫീസർ -ആയുർവേദം. | 01-04-2021 | 31-03-2022 |
| ശ്രീ. പ്രവീൺ.എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-04-2021 | 31-03-2022 |
| ശ്രീ. ബിജു.ജി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 01-04-2021 | 31-03-2022 |
| ശ്രീമതി അൽമാസ് അഷറഫ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 04-11-2021 |
| ശ്രീമതി വിജയകുമാരി.പി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 05-11-2021 | 31-03-2022 |
| ശ്രീമതി ബിജി ജോസഫ് | സെക്രട്ടറി | 01-04-2021 | 21-04-2021 |
| ശ്രീ. കിരൺചന്ദ്.എസ്.ഡി. | സെക്രട്ടറി | 22-04-2021 | 05-05-2021 |
| ശ്രീമതി ബിജി ജോസഫ് | സെക്രട്ടറി | 06-05-2021 | 10-08-2021 |

| | | | |
|---|---|---|---|
| ശ്രീ. അജിത്ത് കുമാർ.സി. | സെക്രട്ടറി | 11-08-2021 | 31-03-2022 |
| ശ്രീമതി വിനതകുമാരി.പി.ടി. | എച്ച്.എം.- ഗവ. എൽ.പി.എസ്.പനയറ | 01-04-2021 | 31-05-2021 |
| ശ്രീമതി അനിത.കെ. | എച്ച്.എം.- ഗവ. എൽ.പി.എസ്.പനയറ | 01-06-2021 | 26-10-2021 |
| ശ്രീമതി സുലീന.എ. | എച്ച്.എം.- ഗവ. എൽ.പി.എസ്.പനയറ | 27-10-2021 | 31-03-2022 |
| ശ്രീ. വിനുരാജ്.ഡി. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. വിനോദ്.ആർ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. കിരൺചന്ദ്.എസ്.ഡി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി കൃഷ്ണകുമാരി.എ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമ പദ്ധതികൾ | 1-5 |
| 7 | രജിസ്റ്റർ ചെയ്യപ്പെട്ട മരണ വിവരം റിപ്പോർട്ട് ചെയ്യാത്തതിനാൽ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി. | 1-5-1 |
| 8 | ക്യാഷ് പരിശോധന | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 12 | വസ്തു നികുതി - അപാകങ്ങൾ | 1-10 |
| 13 | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-10-1 |
| 14 | കെട്ടിടങ്ങളുടെ ബേസ് ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല. | 1-10-2 |
| 15 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല | 1-10-3 |
| 16 | പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - 1,22,200 രൂപയുടെ ലേല കുടിശ്ശിക | 1-11 |
| 17 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12 |
| 18 | ആശുപത്രികൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-13 |
| 19 | വളർത്തു നായകളുടെ ലൈസൻസ് - നടപടികൾ അനിവാര്യം | 1-14 |
| 20 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-15 |
| 21 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു. | 1-16 |
| 22 | ഹൈമാസ്റ്റ് ലൈറ്റുകൾ മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി - വിവിധ അപാകങ്ങൾ | 1-17 |
| 23 | തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കൽ - വാങ്ങിയ ഇനങ്ങളുടെ രേഖകൾ ഹാജരാക്കിയില്ല – 505814/- രൂപ തടസപ്പെടുത്തുന്നു. | 1-18 |
| 24 | തെരുവ് വിളക്ക് മെയിന്റനൻസ് - രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുകയായ 328910/- രൂപ തടസപ്പെടുത്തുന്നു. | 1-19 |
| 25 | വരൾച്ചാ ദുരിതാശ്വാസ പദ്ധതി - കുടിവെള്ളവിതരണത്തിന്റെ രേഖകളുടെ | 1-20 |

| | | |
|---|---|---|
| | സൂക്ഷിപ്പിൽ അപാകത | |
| 26 | പഞ്ചായത്ത് ഓഫീസിൽ ഉപകരണങ്ങൾ വാങ്ങൽ -കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായില്ല- 51812/- രൂപ തടസപ്പെടുത്തുന്നു. | 1-21 |
| 27 | കുടിവെള്ളക്കരം അടയ്ക്കൽ -വാട്ടർ അതോറിറ്റിക്ക് അധികം നൽകിയ തുക ക്രമീകരിച്ചില്ല | 1-22 |
| 28 | കോവിഡ് പ്രതിരോധ പ്രവർത്തനം - രേഖകളുടെ സൂക്ഷിപ്പിൽ ഗുരുതര വീഴ്ച – ചെലവ് തുകയായ 2894186/- രൂപ തടസപ്പെടുത്തുന്നു. | 1-23 |
| 29 | കോവിഡ് പ്രതിരോധ പ്രവർത്തനം - തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-24 |
| 30 | പത്രപ്പരസ്യം - അധികം തുക ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. | 1-25 |
| 31 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 3185634 രൂപ തടസപ്പെടുത്തുന്നു. | 1-26 |
| 32 | കിണർ റീചാർജ്ജിംഗ് - മാനദണ്ഡങ്ങൾ പാലിക്കാതെ തുക അനുവദിച്ചു- ചെലവ് തുക 1980000/- തടസപ്പെടുത്തുന്നു. | 1-27 |
| 33 | ഗാർഹിക മാലിന്യ സംസ്കരണ സംവിധാനം - മാനദണ്ഡങ്ങൾ പാലിക്കാതെ തുക അനുവദിച്ചു. | 1-28 |
| 34 | ഭവന പുനരുദ്ധാരണം-കെട്ടിട നികുതി നിർണയിക്കുന്നതിലും കാലപ്പഴക്കം രേഖപ്പെടുത്തിയതിലും അപാകം | 1-29 |
| 35 | ലൈഫ് ഭവന പദ്ധതി - പദ്ധതി നിർവഹണത്തിലെ വിവിധ അപാകങ്ങൾ | 1-30 |
| 36 | പദ്ധതി ആനുകൂല്യത്തിനായി ലഭ്യമാക്കുന്ന രേഖകൾ തൻവർഷത്തേതാണെന്ന് ഉറപ്പാക്കേണ്ടതാണ്. | 1-31 |
| 37 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം | 1-32 |
| 38 | ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. | 1-33 |
| 39 | "സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും" - അപാകങ്ങൾ | 1-34 |
| 40 | വ്യത്യസ്ത നിരക്കിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക വിതരണം ചെയ്തു | 1-34-1 |
| 41 | സ്നേഹസ്പർശം- സ്കോളർഷിപ്പും ബത്തയും - പരിധിയിൽ അധികമായി ആനുകൂല്യം അനുവദിച്ചു. | 1-34-2 |
| 42 | വെറ്ററിനറി സർജൻ നിർവഹിച്ച പ്രോജക്ടുകളിലെ അപാകങ്ങൾ | 1-35 |
| 43 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആടുകളെ നൽകി - 1,32,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-35-1 |
| 44 | ആടുവളർത്തൽ (ജനറൽ), (എസ്.സി) പദ്ധതി പ്രകാരം ലഭ്യമാക്കുന്ന ആടുകളെ ഇൻഷ്വർ ചെയ്തിട്ടില്ല | 1-35-2 |
| 45 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-36 |

| | | |
|---|---|---|
| 46 | കുടുംബാരോഗ്യകേന്ദ്രം, ചെമ്മരുതി - പാളയംകുന്ന് സബ് സെന്ററിന് കുടിവെള്ള കണക്ഷൻ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-37 |
| 47 | തുക കൈമാറിയെങ്കിലും കമ്പ്യൂട്ടർ ലഭ്യമായില്ല | 1-38 |
| 48 | ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ - അപാകങ്ങൾ | 1-39 |
| 49 | ലാപ് ടോപ്പ് വിതരണത്തിൽ അവ്യക്തത | 1-40 |
| 50 | പാഥേയം - നല്കിയ തുകയ്ക്കുള്ള ഭക്ഷണം വിതരണം ചെയ്തില്ല | 1-41 |
| 51 | വിദ്യാർത്ഥികൾക്ക് മേശയും കസേരയും - അധിക തുക നൽകി- വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല - 2,30,888 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-42 |
| 52 | ബയോഫ്ലോക്ക് മത്സ്യകൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-43 |
| 53 | വീട്ടുവളപ്പിലെ മത്സ്യ കൃഷി- നിർവ്വഹണത്തിലെ അപാകങ്ങൾ | 1-44 |
| 54 | വിവിധ വാർഡുകളിൽ മിനി എം.സി.എഫ്. സ്ഥാപിക്കൽ - പദ്ധതി പൂർണ്ണമായും മാറ്റം വരുത്തി നടപ്പാക്കി | 1-45 |
| 55 | ഖരമാലിന്യ പരിപാലനം - ആക്ഷൻ പ്ലാൻ നടപ്പാക്കേണ്ടതാണ്. | 1-46 |
| 56 | ഭൂമി കൈയ്യേറ്റം - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-48 |
| 57 | ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-49 |
| 58 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് | 1-50 |
| 59 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ് | 1-51 |
| ഭാഗം **2** | | |
| 1 | ഇല്ല | 2-1 |
| ഭാഗം **3** | | |
| 1 | സ്നേഹസ്പർശം- സ്കോളർഷിപ്പും ബത്തയും - പരിധിയിൽ അധികരിച്ച് ആനുകൂല്യം അനുവദിച്ചു - 10500/- രൂപ തിരികെ ഈടാക്കണം. | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22ലെ ബജറ്റ്, ഭരണസമിതിയുടെ 1/1 തീയതി 24.02.2021-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രസ്തുത ബജറ്റിലെ പ്രതീക്ഷിത വരവ് ചെലവുകൾ മുൻവർഷത്തേയും തൻവർഷത്തേയും വരവ് ചെലവുകളുമായുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| | 2020-21 വാർഷിക കണക്ക് പ്രകാരം | 2021-22 ബജറ്റ് പ്രകാരം പ്രതീക്ഷിതം | 21-22വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 2,93,13,959 | 87,12,514 | 4,01,39,814 |
| വരവ് | 13,30,74,042 | 42,15,06,800 | 11,55,00,871 |
| ആകെ | 16,23,88,001 | 43,02,19,314 | 15,56,40,685 |
| ചെലവ് | 12,22,48,187 | 42,44,16,300 | 11,89,40,020 |
| നീക്കിയിരിപ്പ് | 4,01,39,814 | 58,03,014 | 3,67,00,665 |

1)2021-22 വർഷം ഭരണ സമിതി ബജറ്റ് പുതുക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(1)/09.03.2022-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയതായി അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 33/28.11.2022)

2)ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 -ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്.[ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ഇപ്രകാരമുള്ള നടപടിക്രമങ്ങളുണ്ടായിട്ടില്ല.

3)മേൽ ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്നും (ബജറ്റ് മാന്വൽ ഖണ്ഡിക 4-5) പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്നും ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലും ജനറൽ കമ്മിറ്റി മിനിട്സിലും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ, പ്രസ്തുത നടപടിക്രമങ്ങൾ നടന്നിട്ടില്ല.

4)ലഭ്യമാക്കിയ 2021-22 വർഷത്തെ ബജറ്റ് ഫയലിൽ ബജറ്റ് ശുപാർശ(വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നോൺ

പ്ലാൻ പ്രൊപ്പോസൽ ഒഴികെ), രൂപീകരണം എന്നിവ ഉൾപ്പെട്ടിട്ടില്ല. കൂടാതെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

5) ILGMS സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രികയിലെ അക്കൌണ്ട് കോഡുകളുമായി പൊരുത്തപ്പെടുത്തി പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 27.07.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) പ്രകാരം, അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ സംബന്ധിച്ചും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും, തിരിച്ച് നൽകൽ / കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് പുസ്തകങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങളൊന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു ' ശൂന്യ പത്രിക' തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories) 0 ആണ്.

4)സംയുക്ത പ്രോജക്കുകൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നത് തിരികെ അടവാക്കിയിട്ടില്ല

ജി.ഒ(പി) 07/17/ധന തീയതി 23.01.17 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്താത്ത പക്ഷം, പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം, ജോയിന്റ് അക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. എന്നാൽ, സംയുക്ത പ്രോജക്കുകളുടെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.(B -4 Schedule)

| Code Number | Particulars | Amount |
|---|---|---|

| | | |
|---|---|---|
| 320700104 | Contributions For Joint Venture Projects (For Capital Expenditure) – From Block Panchayats | 2,80,000 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats | 7,66,404 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) –From District Panchayats | 35,200 |
| 320700404 | Contributions For Other Specfic Purposes (For Revenue Expenditure) –From District Panchayats | 1,00,000 |

5) ബാലൻസ് ഷീറ്റ് B4ഷെഡ്യൂൾ പ്രകാരം Beneficiary Contribution ഇനത്തിൽ 2,53,782 രൂപ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

6)B4ഷെഡ്യൂൾ പ്രകാരം Donations Related To Pandemic/Epidemic Control എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള 27,948രൂപയുടെയും Donations To CMDRF എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള 34,263 രൂപയുടെയും വിശദാംശം ലഭ്യമാക്കിയില്ല.

7)B18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസായി നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

| കോഡ് | ഇനം | തുക |
|---|---|---|
| 460500501 | Advance To Implementing Officers | 6,55,018 |
| 460500801 | Advance To MGNREGA Administrative Expense | 5,55,783 |

8)2021-22 ലെ പാർട്ട് ബില്ലുകളുടെ റിപ്പോർട്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 03/24.11.2022ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി) പ്രകാരം Capital Work In Progress 9,21,513 രൂപയാണ്. എന്നാൽ, എ.എഫ്.എസ് B11(b) ഷെഡ്യൂളിൽ പ്രസ്തുത ഇനത്തിൽ തുകയൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

9)SBI E-payment അക്കൌണ്ടിന്റെ (നമ്പർ 37289819391) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared ഇനത്തിൽ 38,487 രൂപയുണ്ട്. പ്രസ്തുത തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല.

10)വിവിധ വാർഡുകളിൽ എംസിഎഫ് സ്ഥാപിക്കുന്നതിന് 2020-21 വർഷം നൽകിയ 5,58,778 രൂപയുടെ ചെക്ക് (നമ്പർ 30719/29.03.2021) കേരള ഗ്രാമീൺ ബാങ്കിന്റെ (നമ്പർ 6062) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.10.2022ലും പണമാകാതെ അവശേഷിക്കുന്നു.

11) 2021-22 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസിൽ ഭൂരിഭാഗം ഇനങ്ങൾക്കും മുന്നിരിപ്പിൽ Debit, Credit ബാലൻസ് കാണുന്നു.

(മേൽ വിഷയങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്- നമ്പർ 31/28.11.2022- മറുപടി ലഭ്യമാക്കിയില്ല)

12)അപ്രോപ്രിയോഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസന ഫണ്ട് (ജനറൽ)ന്റെ ചെലവ് 1,72,14,954 രൂപയാണ്. എന്നാൽ, വാർഷിക ധനകാര്യ പത്രിക പ്രകാരം വികസന ഫണ്ട് (ജനറൽ)ന്റെ ചെലവ് 1,72,06,104 രൂപയാണ്. 8,850 രൂപയുടെ വ്യത്യാസമുണ്ട്.(ഓഡിറ്റ് എൻക്വയറി നമ്പർ 70/30.11.2022ന് മറുപടി ലഭ്യമാക്കിയില്ല)

13)ലഭ്യമാക്കിയ ഫയൽ പ്രകാരം, 2021-22 വർഷം തൊഴിൽ രഹിത വേതനം ഇനത്തിൽ 1,57,800 രൂപ (95,640+62160) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, വാർഷിക ധനകാര്യ പത്രിക (I-6) പ്രകാരം ചെലവ് 1,65,360 രൂപയാണ്. 7,560 രൂപയുടെ വ്യത്യാസമുണ്ട്.

14)വാർഷിക ധനകാര്യ പത്രിക (RP-30) പ്രകാരം, Grants, Funds & Contributons For Specific Purposes -Other Than Development Fund And State Sponsored Scheme Funds – Crematorium എന്ന ഹെഡിൽ (നമ്പർ 320200301) 26,40,000 രൂപ വരവുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

15) ആട് വളർത്തൽ – ജനറൽ (നമ്പർ 184/22) പ്രോജക്റ്റിൽ 1,36,000 രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ, സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത തുകയുടെ ചെലവ് ഉൾപ്പെട്ടിട്ടില്ല.

16)മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാളയംകുന്ന് സബ് സെന്ററിന് കുടിവെള്ള കണക്ഷൻ(നമ്പർ 120/22) എന്ന പ്രോജക്ടിനായി 99,600 രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ, RP 49 പ്രകാരം നിക്ഷേപം 0ആണ്.

(ക്രമ നമ്പർ13 മുതൽ16 വരെയുള്ള അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് -നമ്പർ 45/ 29.11.2022- മറുപടി ലഭ്യമാക്കിയില്ല).

17)തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകൾ അക്കൌണ്ട് ചെയ്തതിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

എ)റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക RP-20 പ്രകാരം ഭരണച്ചെലവ് 1036211രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക്, ലഭ്യമാക്കിയ പ്രൊഫോമ എന്നിവ പ്രകാരം 1036340 രൂപയാണ്.

ബാങ്ക് ചാർജായ 129 രൂപ ഉൾപ്പെടുത്താഞ്ഞതാണ് വ്യത്യാസത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 23/26.11.2022ന്റെ മറുപടി).

ബി)EFMS സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നതിനായി ചെലവഴിച്ച തുക 3,03,35,000 രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക്, I-14(C) എന്നിവ പ്രകാരം 3,03,33,097രൂപയാണ്.

ഗുണഭോക്താവിന് നൽകിയ വേതനം Reject ആയിവന്നത് വീണ്ടും നൽകിയത് ക്യാഷ്ബുക്കിൽ ഉൾപ്പെടുത്താഞ്ഞതാണ് വ്യത്യാസമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

18)മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാളയംകുന്ന് സബ് സെന്ററിന് കുടിവെള്ള കണക്ഷൻ(നമ്പർ 120/22) എന്ന പ്രോജക്ടിനായി 99,600 രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ, RP 49 പ്രകാരം നിക്ഷേപം 0ആണ്.(ഓഡിറ്റ് എൻക്വയറിക്ക് - നമ്പർ 45/29.11.2022 – മറുപടി ലഭ്യമാക്കിയില്ല)

19)ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണത്തിൽ 2021-22 വർഷം നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്ടിൽ (നമ്പർ 158/22), ചുവടെ ചേർക്കും പ്രകാരം വികസനഫണ്ടിൽ നിന്നും 46,356രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 220/05.11.2021 | 24636 |
| 2 | 386/25.01.2022 | 15200 |
| 3 | 512/17.03.2022 | 6520 |
| ആകെ | | 46356 |

എന്നാൽ, സുലേഖ ചെലവ് പത്രിക പ്രകാരം പ്രസ്തുത പ്രോജക്ടിന്റെ വികസന ഫണ്ടിൽ നിന്നുള്ള ചെലവ് 39,836 രൂപയാണ്. 6,520 രൂപയുടെ വ്യത്യാസത്തിന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയില്ല(ഓഡിറ്റ് എൻക്വയറി നമ്പർ 55/29.11.2022).

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,84,67,299 | 1,84,67,299 | 2,06,42,599 | (-)21,75,300 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,67,93,694 | 1,67,93,694 | 1,90,27,000 | (-)22,33,306 |
| വികസനഫണ്ട് (CFC Tied) | 0 | 90,11,750 | 90,11,750 | 49,65,870 | 40,45,880 |
| വികസനഫണ്ട് (CFC Untied) | 0 | 51,20,154 | 51,20,154 | 34,53,226 | 16,66,928 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1,55,19,000 | 1,55,19,000 | 1,50,72,828 | 4,46,172 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 85,85,477 | 85,85,477 | 63,59,900 | 22,25,577 |
| CSS | 0 | 0 | 0 | 36,89,357 | (-)36,89,357 |
| SSS | 0 | 0 | 0 | 43,30,000 | (-)43,30,000 |

1)വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നിവയുടെ ചെലവ് ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 2,06,42,599 | 1,72,14,954 | 34,27,645 |
| വികസനഫണ്ട് (എസ്.സി.പി) | 1,90,27,000 | 1,67,93,694 | 22,33,306 |

2)CSS, SSSഎന്നീ ഫണ്ടുകളുടെ നീക്കിയിരിപ്പ് നെഗറ്റീവ്.

മേൽ വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 04/24.11.2022) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

### എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 7 | 7 | 0 | 100 | 4473280 | 4054516 | 91 |
| Ii | വെറ്ററിനറി സർജൻ | 12 | 9 | 3 | 75 | 4217100 | 3431500 | 81 |
| Iii | മെഡിക്കൽ ഓഫീസർ – PHC | 8 | 8 | 0 | 100 | 4490770 | 4407099 | 98 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 3 | 0 | 100 | 462477 | 462477 | 100 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 2 | 0 | 100 | 800000 | 800000 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28 | 23 | 5 | 82 | 207400589 | 29150896 | 14 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 7 | 2 | 78 | 5287700 | 4603550 | 87 |
| Viii | സെക്രട്ടറി | 38 | 25 | 13 | 66 | 23306898 | 16547150 | 71 |
| Ix | എച്ച്.എം. | 2 | 2 | 0 | 100 | 881765 | 375220 | 43 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 54 | 20 | 73 | 31682231 | 19840437 | 63 |
| Xi | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 100 | 1400000 | 1400000 | 100 |
| Xii | അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 0 | 100 | 3369850 | 2742275 | 81 |
| Xiii | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 0 | 100 | 384760 | 146601 | 38 |
| ആകെ | | 194 | 151 | 43 | 78 | 288157420 | 87961721 | 31 |

1)ആകെ വകയിരുത്തിയ ഫണ്ടിന്റെ 31ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2)എ)വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വകയിരുത്തിയ ഫണ്ടിന്റെ 14ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

ബി) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 74 പ്രോജക്ടുകളിൽ 20 എണ്ണം നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 63 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

സി)ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ അംഗീകാരം വാങ്ങിയ 3 പ്രോജക്ടുകളും നടപ്പാക്കിയെങ്കിലും വകയിരുത്തിയ ഫണ്ടിന്റെ 38 ശതമാനമാണ് ചെലവഴിച്ചത്.

3)തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | S0149/22 | ലൈഫ് ഭവനപദ്ധതി(എസ്.സി.പി) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| Ii | S0150/22 | ഭവന പുനരുദ്ധാരണം(ജനറൽ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| Iii | S0152/22 | ലൈഫ് പദ്ധതി-ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| Iv | S0162/22 | ബംഗ്ലാവിൽ മാച്ചാരിവിളാകം റോഡ് മെയിന്റനൻസ് - വാർഡ് 8 | അസിസ്റ്റന്റ് എഞ്ചിനീയർ |
| V | S0163/22 | കുളഞ്ഞിപൊയ്ക അക്കരവിള റോഡ് | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | ഡവലപ്പ്മെന്റ് - വാർഡ് 8 | |
| Vi | SO164/22 | ഇകെ നായനാർ റോഡ് ഡവലപ്പ്മെന്റ് - വാർഡ് 9 | അസിസ്റ്റന്റ് എഞ്ചിനീയർ |
| Vii | SO168/22 | പടിമുക്ക് ആനക്കുഴി നടപ്പാത നിർമ്മാണം - വാർഡ് 15 | അസിസ്റ്റന്റ് എഞ്ചിനീയർ |

(ഓഡിറ്റ് എൻക്വയറി നമ്പർ 05/24.11.2022ന് മറുപടി ലഭ്യമാക്കിയില്ല.)

ബി)പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചിട്ടുണ്ട്.

ബി)ആസൂത്രണ സമിതിയുടെ 03.02.2021ൽ നടന്ന യോഗത്തിൽ 10 പേർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ 2021-22 വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ, സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 39/28.11.2022ന്റെ മറുപടി) |
|---|---|---|---|---|
| I | കൃഷി | 05.02.2021 | വിപണന കേന്ദ്രം ആരംഭിക്കുക | പദ്ധതിക്ക് ഭരണ സമിതി അംഗീകാരം നൽകിയില്ല. |
| Ii | കുടിവെള്ളം ശുചിത്വം | 05.02.2021 | കുന്നത്തുമല കോളനിയിൽ കുടിവെള്ള ടാങ്ക് പണി പൂർത്തീകരിക്കുക<br>RKMUPS കുളം നവീകരണം<br>പൊതുകിണറുകളുടെ നവീകരണം | ഫണ്ട് ലഭ്യമല്ലാത്തതിനാൽ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയില്ല.<br>പൊതുകിണറുകളുടെയും പൊതുകുളങ്ങളുടെയും നവീകരണം സ്പിൽ ഓവറായി 2022-23 വർഷം തുടരുന്നു. |
| Iii | സാമൂഹ്യനീതി | 05.02.2021 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന | ഭൂമി നൽകുന്നതിന് സന്നദ്ധരായവരുടെ |

| | | | | |
|---|---|---|---|---|
| | | | അങ്കണവാടികൾക്ക് ഭൂമി വാങ്ങൽ | അഭാവം നിമിത്തം നടപ്പായില്ല. |
| Iv | ആരോഗ്യം | 05.02.2021 | ശ്രീനിവാസപുരം ഹോമിയോ ഡിസ്പെൻസറിക്ക് സ്ഥലം | സ്വാകാര്യ വ്യക്തി സൌജന്യമായി വിട്ടു നൽകിയ ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ മുതൽക്കൂട്ടിയിട്ടുണ്ട്. |

2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നടന്ന വികസന സെമിനാറിന്റെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,57,800 * | 81 |
| കർഷകതൊഴിലാളി പെൻഷൻ | 30,65,400 | 192 |
| വിധവാപെൻഷൻ | 2,34,93,800 | 1682 |
| വാർദ്ധക്യകാലപെൻഷൻ | 4,89,28,900 | 3636 |
| വികലാംഗപെൻഷൻ | 74,20,400 | 469 |
| വിവാഹധനസഹായം | 2,40,000 | 8 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 3,48,000 | 26 |

*ലഭ്യമാക്കിയ ഫയൽ പ്രകാരം, 2021-22 വർഷം തൊഴിൽ രഹിത വേതനം ഇനത്തിൽ 1,57,800 രൂപ (95,640+62160) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, വാർഷിക ധനകാര്യ പത്രിക (I-6) പ്രകാരം ചെലവ് 1,65,360 രൂപയാണ്.

ക്ഷേമ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകം ഉപ ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-5-1 രജിസ്റ്റർ ചെയ്യപ്പെട്ട മരണ വിവരം റിപ്പോർട്ട് ചെയ്യാത്തതിനാൽ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണ റിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ അപ്പുരാജൻ.ബി.എസ്. എന്ന ഗുണഭോക്താവിന് കൊല്ലം - പരവൂർ മുനിസിപ്പാലിറ്റിയിൽ നിന്നും മരണശേഷവും പെൻഷൻ നൽകിയതായി കാണുന്നു. നിലവിൽ പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണത്തിന്റെ വിവരം പരവൂർ മുനിസിപ്പാലിറ്റിയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ 68/30.11.2022ന്റെ മറുപടി).

| പെൻഷൻ ഐഡി | പേര് | മരണപ്പെട്ട തീയതി | പെൻഷൻ വിഭാഗം | പെൻഷൻ അനുവദിച്ച കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 101760203428 | അപ്പുരാജൻ.ബി.എസ്. | 15.07.2020 | വാർദ്ധക്യകാല പെൻഷൻ | 09/2022 | 40200 |

രജിസ്റ്റർ ചെയ്യപ്പെട്ട മരണ വിവരം അടിയന്തിരമായി പരവൂർ മുനിസിപ്പാലിറ്റിയിൽ അറിയിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2022, 3.00 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 73,935/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ നടത്താറുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും വിശദാംശം ലഭ്യമാക്കിയില്ല.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്.

2021-22 വർഷം പൌരാവകാശരേഖ പുതുക്കൽ എന്ന പ്രോജക്ടിന് (നമ്പർ 27/22) 50,000 രൂപ തനത് ഫണ്ട് വകയിരുത്തിയിരുന്നെങ്കിലും നടപ്പാക്കിയില്ല. പൗരാവകാശരേഖ പരിഷ്കരിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്തതായി അറിയിച്ചിട്ടുണ്ടെങ്കിലും വിശദാംശം ലഭ്യമാക്കിയില്ല.

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/ തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

4) റിക്കോഡ് റൂം സജ്ജീകരിച്ചിട്ടുണ്ട്.

5)എച്ച്.എം, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ തയ്യാറാക്കിയിരിക്കുന്ന ക്യാഷ് ബുക്ക് TR7Aഫോമിലല്ല.

6)ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

7)പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - 1,22,200 രൂപയുടെ ലേല കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

8)ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

9)തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കൽ, തെരുവ് വിളക്ക് മെയിന്റനൻസ് എന്നീ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

10)കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ഗുരുതര വീഴ്ചയുണ്ട്.

11)പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ

നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

12)വിവധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകൾ അക്കൌണ്ട് ചെയ്തതിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

1)RP-20 പ്രകാരം ഭരണച്ചെലവ് 1036211രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക്, ലഭ്യമാക്കിയ പ്രൊഫോമ എന്നിവ പ്രകാരം 1036340 രൂപയാണ്.

ബാങ്ക് ചാർജായ 129 രൂപ ഉൾപ്പെടുത്താത്തതാണ് വ്യത്യാസത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 23/26.11.2022ന്റെ മറുപടി).

2)EFMS സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നതിനായി ചെലവഴിച്ച തുക 3,03,35,000 രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക്, I-14(C) എന്നിവ പ്രകാരം 3,03,33,097രൂപയാണ്.

ഗുണഭോക്താവിന് നൽകിയ വേതനം Reject ആയിവന്നത് വീണ്ടും നൽകിയത് ക്യാഷ്ബുക്കിൽ ഉൾപ്പെടുത്താത്തതാണ് വ്യത്യാസമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ പരിഗണിച്ച് തയ്യാറാക്കിയ വരവ് ചെലവ് ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 745181 | 314725 | 1059906 | 1036340 | 23566 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30333097 | 30333097 | 30333097 | 0 |
| ആകെ | 745181 | 30647822 | 31393003 | 31369437 | 23566 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2022 മുതൽ 31.01.2022 വരെ | 01.01.2021 മുതൽ 31.01.2021 വരെ | 18.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.11.2016 മുതൽ 19.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 26.12.2016 |

## 1-10 വസ്തു നികുതി - അപാകങ്ങൾ

വസ്തുനികുതി നിർണയം, ഡിമാന്റ്, പിരിവ് എന്നിവ സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-10-1 വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം, (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207-ാം വകുപ്പ് പ്രകാരം) വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും നിയമത്തിലെ 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിന്റെ പരിശോധനയിൽ, ഗ്രാമപഞ്ചായത്തിലെ 5, 6, 7 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം (ചതുരശ്ര മീറ്റർ) |
|---|---|---|---|---|
| 1 | 5/20 | സരസ്വതി | പാർപ്പിടം | 97 |
| 2 | 5/66 | സോമരാജൻ | പാർപ്പിടം | 85 |
| 3 | 5/69 | കെ.മണിരാജൻ | പാർപ്പിടം | 98 |
| 4 | 5/162 | റാഷിദ | പാർപ്പിടം | 70 |
| 5 | 5/167 | എ.നവാസ് | പാർപ്പിടം | 105 |
| 6 | 5/185 | അശ്വതി.വി | പാർപ്പിടം | 170 |
| 7 | 5/470 | ലീല കുമാരി | പാർപ്പിടം | 90 |
| 8 | 5/515 | ജി.അനിരുദ്ധൻ | പാർപ്പിടം | 75 |
| 9 | 6/44A | സാവിത്രി | പാർപ്പിടം | 96.44 |
| 10 | 6/167 | പത്മാവതി അമ്മ | പാർപ്പിടം | 125 |
| 11 | 6/280 | യശോദ | പാർപ്പിടം | 77 |
| 12 | 6/289 | ഗോപിനാഥകുറുപ്പ് | പാർപ്പിടം | 70 |
| 13 | 6/400 | ബാബു | പാർപ്പിടം | 80 |
| 14 | 6/423 | നടരാജൻ ചെട്ടിയാർ | പാർപ്പിടം | 70 |
| 15 | 6/482 | കെ.വിജയൻ | പാർപ്പിടം | 163 |
| 16 | 6/538 | സരസ്വതി | പാർപ്പിടം | 70 |
| 17 | 6/543 | അജയകുമാർ | പാർപ്പിടം | 83.2 |
| 18 | 7/138A | ലക്ഷ്മി | പാർപ്പിടം | 150 |
| 19 | 7/191 A | ഫാത്തിമുത്ത് | പാർപ്പിടം | 85 |
| 20 | 7/258 | ലളിത | പാർപ്പിടം | 77 |
| 21 | 7/327 A | പ്രഭാകരൻ | പാർപ്പിടം | 100 |

| | | | | |
|---|---|---|---|---|
| 22 | 7/390 | സജീവ് | പാർപ്പിടം | 70 |
| 23 | 7/406 | ചെമ്പകക്കുട്ടി | പാർപ്പിടം | താഴത്തെ നില 99<br>ഒന്നാം നില 49 |
| 24 | 7/592 | ജനാർദ്ദനൻ | പാർപ്പിടം | 97 |
| 25 | 7/926 | ശകുന്തള | പാർപ്പിടം | 72 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 47/29.11.2022) മറുപടി ലഭ്യമാക്കിയില്ല.

നികുതി ചുമത്തിയിട്ടില്ലാത്ത കെട്ടിടങ്ങൾ നേരിട്ട് പരിശോധിച്ച്, 60 ചതുരശ്രമീറ്ററിൽ കൂടുതലുള്ളവയ്ക്ക് നികുതി ചുമത്തുന്നതിനും അല്ലാത്തവയുടെ കൃത്യമായ വിസ്തീർണം സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഏതാനും വാർഡുകൾ പരിശോധിച്ചതിന്റെ വിവരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാ വർഡുകളുടെയും പരിശോധന നടത്തി അപാകങ്ങൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-10-2 കെട്ടിടങ്ങളുടെ ബേസ് ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന പഴയ കെട്ടിടങ്ങളുടെ ഫോം -6 ഡാറ്റാ എൻട്രി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| Ward_ Year | Ward_ Number | Door Number | Doorn Umber_ Sub | Owner Name | Owner House Name | Base_file Status |
|---|---|---|---|---|---|---|
| 1993 | 1 | 389 | | Sarada | Charuvilaputhenveedu | DE Ongoing |
| 1993 | 1 | 550 | | L.Rajamma | Kurichikkattu Puthenveedu | DE Ongoing |
| 1993 | 1 | 805 | | Divakaran | Varuvilaveedu | DE Ongoing |
| 1993 | 1 | 1182 | B | Vikramakurup | Utrittathi | DE Ongoing |
| 1993 | 1 | 315 | A | Anilkumar | Vadakkumkara Puthenveedu | DE Ongoing |
| 2013 | 1 | 591 | | Kochuraman | Vilayilveedu | Verification Pending |
| 1993 | 2 | 34 | | G.Krishnan Unnithan | Valiyavilakam | DE Ongoing |
| 1993 | 2 | 98 | | S.Devadas | Rosy Mandiram | DE Ongoing |

| | | | | | | |
|---|---|---|---|---|---|---|
| 1993 | 2 | 122 | A | Sheela | Valiyavila Veedu | DE Ongoing |
| 1993 | 2 | 509 | A | Sajeev | Varuvila Veedu | DE Ongoing |
| 1993 | 2 | 427 | . | | | DE Started |
| 2013 | 3 | 900 | | BABU | RAJAMMA NIVAS | DE Started |
| 2013 | 3 | 708 | | | | DE Started |
| 2013 | 4 | 205 | | Omana | Anakha Bhavan | DE Started |
| 2013 | 4 | 420 | | | | DE Started |
| 1993 | 5 | 87 | | Subhadra Amma | Kochuvila | DE Ongoing |
| 1993 | 5 | 290 | | Lakshmikutti | Charuvila Veedu | DE Ongoing |
| 1993 | 5 | 355 | | Raghavanpilla | Nediyavila Puthenveedu | DE Ongoing |
| 1993 | 5 | 477 | | Bharathy | Kalluvilaveedu | DE Ongoing |
| 1993 | 5 | 856 | | Sujatha | Kunnuvilaveedu | DE Ongoing |
| 1993 | 6 | 143 | | Nazeera | Kunnilveedu | DE Ongoing |
| 1993 | 6 | 317 | | Safarulla | Vilayil Veedu | Approved |
| 1993 | 6 | 401 | | Siyad Irshad Arshad | Kumiliyil | DE Ongoing |
| 1993 | 7 | 756 | | Isak | Vilayilveedu | DE Ongoing |
| 1993 | 7 | 870 | / | Raju.R | AnjanaNivas | DE Ongoing |
| 1993 | 7 | 204 | A | K.Muraleedharan | Kunnilveedu | DE Ongoing |
| 2013 | 7 | 396 | A | | | DE Started |
| 1993 | 8 | 365 | | Sudhakaran | Puthanvila | DE Ongoing |
| 1993 | 8 | 649 | | Vijayamma,Haridas | Nisha Nivas,Nisha Nivas | DE Ongoing |
| 1993 | 9 | 192 | A | ANITHA | VELLARADAKKAL VEEDU | Verification Pending |
| 1993 | 10 | 1122 | | Sivathmaja | J.S Bhavan | DE Ongoing |
| 2013 | 10 | 48 | | SHEELA | VALIYAVILA VEEDU | Verification Pending |
| 2013 | 15 | 573 | A | | | DE Started |

വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 67/30.11.2022) മറുപടി ലഭ്യമാക്കിയില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-10-3 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതിയിനത്തിൽ നാളിതുവരെ 10,983 രൂപ കുടിശ്ശികയുണ്ട്.

| Building ID | Door NO | Owner Name | Owner Address |
|---|---|---|---|
| 50225010007895 | 16/60/ | Reliance Infratel Limited | Vazhuvelil Building |

| SL.No | Year | Period | Pro.Tax | LC | Surcharge | Service Tax | Total Tax |
|---|---|---|---|---|---|---|---|
| 1 | 2020 | Ist Half | 1500.00 | 75.00 | 0.00 | 256.00 | 1831.00 |
| 2 | 2020 | IInd Half | 1500.00 | 75.00 | 0.00 | 255.00 | 1830.00 |
| 3 | 2021 | Ist Half | 1500.00 | 75.00 | 0.00 | 256.00 | 1831.00 |
| 4 | 2021 | IInd Half | 1500.00 | 75.00 | 0.00 | 255.00 | 1830.00 |
| 5 | 2022 | Ist Half | 1500.00 | 75.00 | 0.00 | 256.00 | 1831.00 |
| 6 | 2022 | IInd Half | 1500.00 | 75.00 | 0.00 | 255.00 | 1830.00 |

കുടിശ്ശിക ഈടാക്കാത്തതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 62/30.11.2022) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - 1,22,200 രൂപയുടെ ലേല കുടിശ്ശിക

തച്ചോട്, മുട്ടപ്പലം എന്നീ പബ്ലിക് മാർക്കറ്റുകളുടെ ഗേറ്റ് ഫീസ് പിരിവിനുള്ള അവകാശം 26.02.2021ന് നടന്ന പുനർ ലേലത്തിൽ 1,87,200 രൂപ, 45,000 രൂപ എന്ന ക്രമത്തിൽ താഹ, വിളയിൽ പുത്തൻവീട് എന്നയാളുടെ പേരിൽ സ്ഥിരപ്പെടുത്തി. ലേലം അംഗീകരിച്ചത് ഭരണസമിതിയുടെ 09.03.2021ലെ 3(1), 3(2) നമ്പർ തീരുമാനങ്ങൾ പ്രകാരമാണ്. ലേലക്കാരനിൽ നിന്ന്, നിരതദ്രവ്യമായി മുൻ വർഷം വാങ്ങിയ 10,000 രൂപ (119230105729/20.02.2020, 119230105730/20.02.2020 എന്നീ രസീതുകൾ പ്രകാരം 5000 രൂപ വീതം) പ്രസ്തുത ലേലങ്ങൾക്കുള്ള നിരതദ്രവ്യമായി നിലനിർത്തിയിരുന്നു.

ലേല നിബന്ധനകളിൽ 1, 2 എന്നിവ ചുവടെ ചേർക്കും പ്രകാരമാണ്.

1."ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് മുൻപ് നിശ്ചിത നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും ലേലത്തിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് വിളി കേൾക്കുന്ന ആളുടെ പേരിൽ താല്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതും, അപ്രകാരം സ്ഥിരപ്പെടുത്തിക്കിട്ടുന്ന ആൾ ലേലത്തുകയുടെ രണ്ടിലൊന്ന് ജി.എസ്.ടി. ഉൾപ്പെടെ അപ്പോൾതന്നെ സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവയ്ക്കേണ്ടതുമാണ്."

2."പബ്ലിക് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവ് ലേലത്തുകയുടെ രണ്ടിലൊന്ന് അഡ്വാൻസ് കഴിച്ചുള്ള തുക 2 തുല്യ ഗഡുക്കളായി 31.07.2021, 31.10.2021 എന്നീ തീയതികളിൽ ഒടുക്കേണ്ടതാണ്."

എന്നാൽ, പ്രസ്തുത ലേല നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല. രണ്ട് ലേലങ്ങൾക്കുമായി അഡ്വാൻസായി നൽകേണ്ട 1,16,100 രൂപ ലേലക്കാരനിൽ നിന്ന് ലേലം താല്ക്കാലികമായി സ്ഥിരപ്പെടുത്തിയ 26.02.2021ന് വാങ്ങിയിട്ടില്ല. നിരതദ്രവ്യം കൂടാതെ, രസീത് നമ്പർ 1200103028/12.03.2021 പ്രകാരം 1,00,000 രൂപ മാത്രമാണ് നാളിതുവരെ ഈടാക്കിയിട്ടുള്ളത്. 1,22,200 രൂപയുടെ കുടിശ്ശിക നിലവിലുണ്ട്.

കുടിശ്ശിക ഈടാക്കുന്നതിലേക്കായി 01.03.2022ൽ ഡിമാന്റ് നോട്ടീസ് നൽകുകയും 31.03.2022ന് റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുള്ളതായും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 32/ 28.11.2022ന്റെ മറുപടി).

ഗഡുക്കളായി ലേലതുക ഒടുക്കുന്ന സാഹചര്യത്തിൽ, ലേലക്കാരിൽ നിന്ന് സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങാത്തതിനും അതിനുള്ള നിബന്ധന ഉൾപ്പെടുത്താതിരുന്നതിനും വിശദീകരണം ആരാഞ്ഞതിന് മുൻവർഷങ്ങളിൽ സോൾവൻസി സർട്ടിഫിക്കറ്റ് ലേല നിബന്ധനയിൽ ഉൾപ്പെടുത്തിയാണ് ലേലം നടത്തിയിരുന്നതെന്നും എന്നാൽ, ലേലം കൊള്ളാൻ ആരും തയ്യാറായി വന്നിട്ടില്ലാത്തതിനാലാണ് നിബന്ധനയിൽ ഉൾപ്പെടുത്താതിരുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്.

കുടിശ്ശിക ഈടാക്കുന്നതിനുള്ള തുടർ നടപടി അടിയന്തിരമായി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷം ചെമ്മരുതി ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ വിശദാംശം ചുവടെ ചേർക്കുന്നു (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 36/28.11.2022ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി).

| ക്രമ നം. | പേരും മേൽവിലാസവും |
|---|---|
| 1 | കേരളീയൻ.എസ്., റീന നിവാസ്, വടശ്ശേരിക്കോണം. |
| 2 | സുഗുണാനന്ദൻ.എം., പാട്ടത്തിൽ, ഞെക്കാട് |
| 3 | ഷിജു.എസ്., ആർ.എസ്.സദനം, കാരംകോട് |
| 4 | നിഖിൽ കേരളീയൻ, നിജി നിവാസ്, വട്ടപ്ലാമൂട് |
| 5 | നസീർ.എസ്., പാണന്റഴികം, അയിരൂർ |
| 6 | ജയൻ.വി., കുമ്പക്കാട് വീട്, പനയറ |

| | |
|---|---|
| 7 | ഷിറാസ്.എ.എൻ., ബിസ്മില്ല, കുളമുട്ടം |
| 8 | ശ്രീകുമാർ.എസ്., എസ്.എസ്.നിവാസ്, തേരിവിള, നെല്ലിമൂട് |
| 9 | ആർ.ആജിത്ത് കുമാർ, ഇന്ദീവരം, തച്ചോട് |
| 10 | തുദീപ്, തൃപ്തി, പാളയംകുന്ന് |
| 11 | ശ്രീജിത്ത്.എസ്., എസ്.എസ്.നിവാസ്, തേരിവിള, നെല്ലിമൂട് |
| 12 | ദിലീപ്.ബി., പടിഞ്ഞാറ്റതിൽ, അയന്തി |
| 13 | നീതു.എസ്., ദർശന, മുത്താന |
| 14 | പ്രകാശ്.സി., അപർണ, പനയറ |
| 15 | ജി. രാധാകൃഷ്ണൻ, ശ്രീരാഗം, പാളയംകുന്ന് |

പ്രസ്തുത കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 48/29.11.2022) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്ന് നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ആശുപത്രികൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ 3-ാം ചട്ടം പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല.

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന കെട്ടിടങ്ങളിൽ ആശുപത്രികൾ പ്രവർത്തിക്കുന്നതായി കാണുന്നു.

| Sl. No | Building ID | Door NO | Owner Name | Owner Address |
|---|---|---|---|---|
| 1 | 50225010007338 | 4/446/ | Dr. C. S Ushadevi | M.VM Hospital |
| 2 | 50225010000899 | 11/348/ | M SHAJU | SHAJU NIVAS |
| 3 | 50225010005969 | 17/292/ | Muhammad Ibrahim | S.M Cottage |
| 4 | 50225010005971 | 17/293/ | Muhammad Ibrahim | S.M Kottage |
| 5 | 50225010008252 | 17/294/ | Shibumuhammad Ibrahim | S.M Kottage |
| 6 | 50225010006057 | 17/295/ | Ibrahim K.M | S.M Kottage |
| 7 | 50225010005959 | 17/297/ | Muhammad Ibrahim | S.M Kottage |

2021-22 വർഷം സ്വകാര്യ ആശുപത്രി പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

I) ലൈഫ് കെയർ പോളിക്ലിനിക്, പാളയംകുന്ന് (സിനിപ്രേം ഗോവിന്ദൻ തമ്പി)

Ii)ദേവി ക്ലിനിക്കൽ ലബോറട്ടറി, പനയറ (സന്ധ്യമോൾ)

Iii) പാൻകെയർ പോളിക്ലിനിക് (ഡോ. മുഹമ്മദ് സലിം)

മേൽ പട്ടികയിലെ ആശുപത്രികൾ രജിസ്ട്രേഷൻ എടുക്കാത്തിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 65/30.11.2022) മറുപടി ലഭ്യമാക്കിയില്ല.

വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 വളർത്തു നായകളുടെ ലൈസൻസ് - നടപടികൾ അനിവാര്യം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിയിൽ 1892 വളർത്തുനായകളുള്ളതായും 112 എണ്ണത്തിന് ലൈസൻസ് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, 32 നായകൾക്ക് ലൈസൻസ് നൽകിയതിന്റെ വിവരം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 59/29.11.2022) മറുപടി ലഭ്യമാക്കിയില്ല. വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ കാലികമാക്കുന്നതോടൊപ്പം വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്റിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് വളർത്ത് നായകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-15 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടെത്തി.

1)ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 2021-22 സാമ്പത്തിക വർഷം 19 വാർഡുകളിലായി 343 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ലൈസൻസ് രജിസ്റ്റർ പ്രകാരം 261 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

എ)ലൈസൻസ് ഇല്ലാതെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കിയില്ല.

ബി)അപ്രകാരം പ്രവർത്തിച്ച / നിലവിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കിയില്ല.

2)ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭക്ഷണ വിതരണ പ്രോജക്ടുകളിൽ (ഉദാഹരണം - പാഥേയം, സ്കൂളുകളിൽ പ്രഭാത ഭക്ഷണം) ചുമതല ഏല്പിച്ചിട്ടുള്ള ക്യാറ്ററിംഗ് യൂണിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

I)ദീപം കാറ്ററിംഗ്

Ii)ഭാനുശ്രീ ഹോം മെയിഡ് ഫുഡ്സ്, പാളയംകുന്ന്

Iii)സാഫല്യം ക്യാന്റീൻ യൂണിറ്റ്, ചെമ്മരുതി

Iv)സഫലം ക്യാന്റീൻ യൂണിറ്റ്, ശിവപുരം

V)സമൃദ്ധി ക്യാറ്ററിംഗ് യൂണിറ്റ്, മുത്താന

പ്രസ്തുത ക്യാറ്ററിംഗ് യൂണിറ്റുകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നുണ്ട്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 61/30.11.2022) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-16 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2021-22 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ എല്ലാ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ വിശദാംശവും (ലൈസൻസിയുടെ പേര്, മേൽവിലാസം, ARD നമ്പർ) പ്രസ്തുത റേഷൻകടകളിൽ നിന്നും ഈടാക്കിയ സ്ഥാപന നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയുടെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 37/28.11.2022) മറുപടി ലഭ്യമാക്കിയില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ അവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 ഹൈമാസ്റ്റ് ലൈറ്റുകൾ മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി - വിവിധ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | S0084/22 |
| പ്രോജക്ടിന്റെ പേര് | ഹൈമാസ്റ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണി |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 490000 |
| ചെലവ് | 422273 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)17-08-2015 ലെ ജി.2/44274/15 ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് , മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

2)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം[സ.ഉ(അ).നം.259/2010 /തസ്വഭവ തീ.08.11.2010] പ്രകാരം മതിപ്പ് വില ഒരു ലക്ഷം രൂപയിൽ കൂടുതൽ വില വരുന്ന വാങ്ങലുകൾക്ക് ഓപ്പൺ ടെൻഡർ സംവിധാനം നടപ്പാക്കേണ്ടതാണ്. പദ്ധതി പ്രകാരം 401530/- രൂപയ്ക്ക് ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസിനാവശ്യമായ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങുന്ന സാധനങ്ങളുടെ എസ്റ്റിമേറ്റ് തുക കണക്കാക്കാതെയും ഓപ്പൺ ടെൻഡർ നടപ്പാക്കാതെയും ക്വട്ടേഷൻ മുഖേനെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.(01.02.2022 തീയതിയിലെ ക്വട്ടേഷൻ പരസ്യം)

3)ശ്രീ ജനീഷ് എ , ജെ.എസ് ഇലക്ട്രിക്കൽസ് എന്ന കരാറുകാരാണ് മേൽ പ്രവൃത്തി ഏറ്റെടുത്തത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ മേൽ കരാറുകാരന് സി ക്ലാസ് ഇലക്ട്രിക്കൽലൈസൻസ് മാത്രമാണ് ഉള്ളത്. കൂടാതെ തൊഴിലാളികളുടെ ലൈസൻസ് വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4)പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 19 ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 15.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.08/24.11.2022 ന് മറുപടിയിൽ പദ്ധതി അടിയന്തിരമായി നടപ്പാക്കേണ്ടതിലാണ് സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. ലഭ്യമാക്കാത്ത രേഖകൾ ലഭ്യമാക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/2011/തസ്വഭവ, 29.05.2018 ലെ 269/ഡി.എ3/ 2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.

## 1-18 തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കൽ - വാങ്ങിയ ഇനങ്ങളുടെ രേഖകൾ ഹാജരാക്കിയില്ല – 505814/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | S0134/22 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 1000000(ധ.ഗ്രാ) |
| ചെലവ് | 505814 |
| ബിൽ നം | 186/15.10.2021 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)തെരുവ് വിളക്കുകൾ വാങ്ങിയ ഇനത്തിൽ KREWS ന്(കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി ബിൽ നമ്പർ 186/15.10.2021 പ്രകാരം 505814/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ബിൽ പ്രകാരം വാങ്ങിയ ഇൻസുലേഷൻ ടേപ്പ്, ബൾബ് ഷേഡ് എന്നിവ സ്റ്റോക്കിലെടുത്തിട്ടില്ല. തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് ഇൻസുലേഷൻ ടേപ്പ്, ബൾബ് ഷേഡ് എന്നീ ഇനങ്ങൾ മുൻബാക്കി യിൽ നിന്നാണ് വിതരണം ചെയ്തിട്ടുള്ളത്. 2021-22 വർഷത്തെ ഇനങ്ങളുടെ സംക്ഷിപ്തത്തിലും പ്രസ്തുത ഇനങ്ങൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിയ ഇനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | തുക |
|---|---|---|
| ഇൻസുലേഷൻ ടേപ്പ് | 200 | 1922 |
| ബൾബ് ഷേഡ് | 1000 | 38410 |
| ആകെ | | 40332 |

2)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട് . കൂടാതെ 17-08-2015 ലെ ജി.2/44274/15 ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി വാർഡിസ്ഥാനത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3)ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രജിസ്റ്ററിൽ 2021-22 വർഷം വിതരണം ചെയ്ത തെരുവ് വിളക്കുകളുടെയും മറ്റ് വിവിധ ഇനങ്ങളുടെയും എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇനങ്ങൾ കൈപ്പറ്റിയ വ്യക്തിയുടെ പേര് ,ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നുമുള്ള 17-08-2015 ലെ ജി.2/44274/15 ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച പ്രകാരമുള്ള മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

4)മേൽ പദ്ധതിയുടെ ജി.എസ്.ടി ടി.ഡി.എസ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ 136/22 പദ്ധതിയിൽ നിന്നാണ് കുറവ് ചെയ്തത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.09/24.11.2022 ന് മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 505814/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും തെരുവ് വിളക്കുകളുടെ

പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/ 2011/തസ്വഭവ, 29.05.2018 ലെ 269/ഡി.എ3/2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.

## 1-19 തെരുവ് വിളക്ക് മെയിന്റനൻസ് - രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുകയായ 328910/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | SO014/22 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് പരിപാലനം |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 500000(ത.ഫ) |
| ചെലവ് | 328910 |

| ബിൽ നം | തുക |
|---|---|
| 89/ 10-08-2021 | 21600.00 |
| 95/ 16-08-2021 | 19200.00 |
| 123/ 08-09-2021 | 26400.00 |
| 128/ 14-09-2021 | 4800.00 |
| 190/ 16-10-2021 | 33600.00 |
| 221/ 05-11-2021 | 4990.00 |
| 237/ 15-11-2021 | 62400.00 |
| 259/ 25-11-2021 | 12000.00 |
| 325/ 27-12-2021 | 38400.00 |
| 350/ 07-01-2022 | 19200.00 |
| 475/ 04-03-2022 | 4760.00 |
| 528/ 19-03-2022 | 4760.00 |
| 581/ 26-03-2022 | 76800.0 |
| ആകെ | 328910 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)17-08-2015 ലെ ജി.2/44274/15 ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് , മെയിന്റനൻസ് രജിസ്റ്റർ(അപൂർണമായ റിപ്പോർട്ട് മാത്രം ഹാജരാക്കി) , പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം[സ.ഉ(അ).നം.259/2010/തസ്വഭവ തീ.08.11.2010] പ്രകാരം മതിപ്പ് വില ഒരു ലക്ഷം രൂപയിൽ കൂടുതൽ വില വരുന്ന സേവനങ്ങൾക്ക് ഓപ്പൺ ടെൻഡർ സംവിധാനം നടപ്പാക്കേണ്ടതാണ്. പദ്ധതി പ്രകാരം 328910/- രൂപയ്ക്ക് മെയിന്റനൻസ് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തുക കണക്കാക്കാതെയും ഓപ്പൺ ടെൻഡർ നടപ്പാക്കാതെയും ക്വട്ടേഷൻ മുഖേനെയാണ് പ്രവർത്തനം നടത്തിയിട്ടുള്ളത്.(16.04.2021 തീയതിയിലെ ക്വട്ടേഷൻ പരസ്യം)

3)ശ്രീ അനീഷ് എ,ആർച്ച നിവാസ്, ചെമ്മരുതി എന്ന കരാറുകാരനാണ് 2021-22 വർഷത്തിൽ മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷൻ എന്നിവ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കരാറുകാരന്റെ ലൈസൻസ് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ മേൽ കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ് , റിടെൻഷൻ എന്നിവ ഈടാക്കിയിട്ടില്ല.

4)ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/2019/ധനം നമ്പർ സർക്കുലർ പ്രകാരം ജിഎസ് ടി രജിസ്റ്റ്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി എസ് ടി രജിസ്ട്രേഷൻ ഉള്ളവർ സാധനങ്ങളോ സേവനങ്ങളോ നല്കി കഴിഞ്ഞാൽ ജിഎസ് ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി എസ് ടി ഇൻവോയ്സ് നല്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ഇൻവോയ്സ് ഇല്ലാതെയും ജി.എസ്.ടി ടി.ഡി.എസ് കുറവ് ചെയ്യാതെയുമാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് തുക നല്കിയിട്ടുള്ളത്.

5)1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല.

6)തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ വാടകയിനത്തിൽ തുക നൽകുമ്പോൾ (KL 16 B 5507 )ടിപ്പ് ഷീറ്റിൽ വിവരങ്ങൾ പൂർണമായും ഉൾപ്പെടുത്തുന്നില്ല. കൂടാതെ നിർവഹണ ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്ക് പരിപാലന റിപ്പോർട്ട് വാർഡ് മെമ്പർ, മോണിറ്ററിംഗ് കമ്മിറ്റി എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണമായി വാർഡ് നം.5,9 തീ.16.11.2021, വാർഡ് നം.19 തീ.31.05.2021

7)05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.38/28.11.2022 ന് മറുപടിയിൽ പദ്ധതി അടിയന്തിരമായി നടപ്പാക്കേണ്ടതിലാണ് സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. ലഭ്യമാക്കാത്ത രേഖകൾ ലഭ്യമാക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആദായ നികുതി ,ജി.എസ്.ടി എന്നിവ ഒടുക്ക് വരുത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 328910/- രൂപ തടസപ്പെടുത്തുന്നു.

## 1-20 വരൾച്ചാ ദുരിതാശ്വാസ പദ്ധതി - കുടിവെള്ളവിതരണത്തിന്റെ രേഖകളുടെ സൂക്ഷിപ്പിൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് നം | S0139/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വരൾച്ചാ ദുരിതാശ്വാസം- കുടിവെള്ളവിതരണം |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 659750(വി.ഫ) |
| ചെലവ് | 651017 |

കുടിവെള്ളക്ഷാമം നേരിടുന്ന വിവിധ വാർഡുകളിൽ, വാട്ടർ അതോറിറ്റി അംഗീകാരമുള്ള ജലസ്രോതസുകളിൽ നിന്നും കുടിവെള്ളം എത്തിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. കുടിവെള്ള വിതരണത്തിനായി ഗ്രാമപഞ്ചായത്ത് 04.03.2021 തീയതിയിൽ ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ.മനോഷ് കുമാർ ,ദ്വാരക എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളുടെ സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം(ജി.ഒ(പി)നം.259/2010/തസ്വഭവ തീ.08.11.2010) മതിപ്പുവില ഒരു ലക്ഷത്തിൽ കൂടുതൽ വരുന്ന സാധങ്ങൾക്കും സേവനങ്ങൾക്കും ഓപ്പൺ ടെൻഡർ സംവിധാനം നടപ്പാക്കേണ്ടതാണ്. കൂടാതെ സ.ഉ(എം.എസ്)നം.13/2015/ITD തീ.12.05.2015 പ്രകാരം അഞ്ച് ലക്ഷം രൂപ മുതലുള്ള ടെൻഡറുകൾ ഇ ടെൻഡർ മുഖേനയാണ് നടപ്പാക്കേണ്ടത്. എന്നാൽ 651017 രൂപ ചെലവഴിച്ച മേൽ പ്രോജക്ടിനായി ക്വട്ടേഷനാണ് ക്ഷണിച്ചിട്ടുള്ളത്.

2)കുടിവെള്ള വിതരണത്തിനായി രജിസ്ട്രേഷൻ നം. KL02 AB 8098, രജിസ്ട്രേഷൻ നം. KL10 W 1008 എന്നിവ പ്രകാരമുള്ള ലോറികളാണ് ഉപയോഗിച്ചിട്ടുള്ളത്. സ.ഉ(സാധാ)നം.446/2021/തസ്വഭവ തീ.15.02.2021 പ്രകാരം ജി പി എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തേണ്ടതും ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്ക് ജി.പി.എസ് ലോഗ് എന്നിവ പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനം | ദിവസം | വാർഡ് നം | വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പ്രകാരം | ജി.പി.എസ് ലോഗ് പ്രകാരം |
|---|---|---|---|---|
| KL10 W 1008 | 11.03.2021 | 19 | 6.30 Pm വരെ | 4.21 Pm വരെ |
| | 12.03.2021 | 4 | 8.45 Am മുതൽ 9.00 Am വരെ | 3.41 Pm മുതൽ 7.28 Pm വരെ |
| | 18.03.2021 | 13 | 6.20 Pm വരെ | 2.55 Pm വരെ |
| KL02 AB 8098 | 15.04.2021 | 8 | 6.15 Pm വരെ | 5 Pm വരെ |
| | 12.04.2021 | ഫയലിൽ സൂക്ഷിച്ചിട്ടുള്ള ജി.പി.എസ് ലോഗ് പ്രസ്തുത ദിവസത്തേത് അല്ല | | |

3)1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല.

കുടിവെള്ള വിതരണത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്താണ് ക്വട്ടേഷൻ നടപ്പാക്കിയതെന്നും ട്രിപ്പ് ഷീറ്റ് പരിശോധിച്ച് ബോധ്യപ്പെട്ട ശേഷമാണ് തുക അനുവദിച്ചത് എന്നുമാണ് അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നം.14/24.11.2022 ന് ലഭിച്ച മറുപടി). മുൻവർഷങ്ങളിലും ഗ്രാമപഞ്ചായത്തില് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ഇത്തരത്തിൽ ക്വട്ടേഷൻ മുഖേന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും രേഖകൾ ഫയലിൽ കൃത്യമായും സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ ആദായ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 പഞ്ചായത്ത് ഓഫീസിൽ ഉപകരണങ്ങൾ വാങ്ങൽ -കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായില്ല- 51812/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | S0045/22 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ |

| | |
|---|---|
| | ഉപകരണങ്ങളും വാങ്ങൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 700000 (തനത് ഫണ്ട്) |
| ചെലവ് | 452710 |

ഗ്രാമപഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം 4 പ്രിന്ററുകൾ വാങ്ങുന്നതിനും 2 ലാപ്ടോപ്പുകൾ വാങ്ങുന്നതിനും 16.10.2021 തീയതിയിലെ TVM/ITBG /PI/RC/30951/20-21 നമ്പർ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ബിൽ നം.269/01.12.2021 പ്രകാരം യഥാക്രമം 51812/- രൂപയും 118076/- രൂപയും കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് നിബന്ധന പ്രകാരം തുക അനുവദിച്ച് 45 ദിവസത്തിനകം ഉപകരണങ്ങൾ ലഭ്യമാക്കും എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ 4 പ്രിന്ററുകൾ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല. കൂടാതെ 2 ലാപ്ടോപ്പുകൾ ലഭ്യമാക്കാതെ രണ്ട് മാസങ്ങൾക്ക് ശേഷം 03.03.2022 തീയതിയിൽ ലാപ്ടോപ്പുകൾക്ക് അനുവദിച്ച തുക കെൽട്രോൺ ഗ്രാമപഞ്ചായത്തിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ബാക്കി തുകക്കുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10/23.11.2022 ന് മറുപടിയിൽ പ്രിന്ററുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂർ തുക കൈപ്പറ്റി കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി മാസങ്ങൾക്ക് ശേഷം തുക തിരികെ ലഭ്യമാക്കിയതും കൈപ്പറ്റിയ തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കാത്തതും കെൽട്രോണിന്റെ ഭാഗത്തെ വീഴ്ചയാണ്. ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതും ഉപകരണങ്ങൾ സമയ ബന്ധിതമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലഭ്യമാക്കാത്ത പ്രിന്ററുകളുടെ ചെലവ് തുകയായ 51812/- രൂപ തടസപ്പെടുത്തുന്നു.

## 1-22 കുടിവെള്ളക്കരം അടയ്ക്കൽ -വാട്ടർ അതോറിറ്റിക്ക് അധികം നൽകിയ തുക ക്രമീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | SO013/22 |
| പ്രോജക്ടിന്റെ പേര് | കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 2131500(മെയിന്റനൻസ് നോൺ റോഡ്) |
| ചെലവ് | 2110103 |

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കുന്നതിനാണ് പദ്ധതി തുക വകയിരുത്തിയിരിക്കുന്നത്. വാട്ടർ അതോറിറ്റി വർക്കല സെക്ഷൻ, അസിസ്റ്റന്റ് എഞ്ചിനീയറുടെ 08.07.2021 ലെ KWA/VAK/AE-1/SF/2021 കത്ത് പ്രകാരം 06.07.2021 ൽ നടത്തിയ പൊതുടാപ്പുകളുടെ സംയുക്ത പരിശോധന റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)08.07.2021 തീയതിയിലെ സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം പരിശോധന നടത്തുന്നത് വരെ നിലവിലുണ്ടായിരുന്ന പൊതുടാപ്പുകളുടെ എണ്ണം 392 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സംയുക്ത പരിശോധന നടത്തിയ കാലയളവ് വരെ( 2021 സെപ്റ്റംബർ മാസം വരെ) 406 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് ഗ്രാമപഞ്ചായത്ത് ഒടുക്കിവന്നിരുന്നത്.

2)08.07.2022 തീയതിലെ പരിശോധന റിപ്പോർട്ട് പ്രകാരം പരിശോധനയ്ക്ക് ശേഷം നിലവിൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾ 366 എണ്ണം മാത്രമാണ്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും 2022 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ 406 ടാപ്പുകളുടെ ഡിമാന്റ് തുക കണക്കാക്കുകയും (@5512.5 വാർഷികം)അതിൻ പ്രകാരം തുക ഒടുക്ക് വരുത്തിയിട്ടുമുണ്ട്. തുടർ മാസങ്ങളിൽ അധികം കണക്കാക്കിയ തുക കുറവ് ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.22/25.11.2022 ന് ലഭിച്ച മറുപടിയിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് തുക ഒടുക്ക് വരുത്തിയതെന്നും അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുക ക്രമീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 കോവിഡ് പ്രതിരോധ പ്രവർത്തനം - രേഖകളുടെ സൂക്ഷിപ്പിൽ ഗുരുതര വീഴ്ച – ചെലവ്

തുകയായ 2894186/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | SO133/22 |
| പ്രോജക്ടിന്റെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 3063000(2100000 വി.ഫ+963000) |
| ചെലവ് | 2892686(2023536+869150) വിശദാംശം ചുവടെ ചേർക്കുന്നു |

| വികസന ഫണ്ട് | | | | തനത് ഫണ്ട് | | | |
|---|---|---|---|---|---|---|---|
| Bill No. | Amount | Bill No. | Amount | Bill No. | Amount | Bill No. | Amount |
| 65/ 27-07-2021 | 60000 | 177/ 12-10-2021 | 567385 | 15/ 01-06-2021 | 13500 | 47/ 05-07-2021 | 113670 |
| 67/ 29-07-2021 | 137300 | 187/ 15-10-2021 | 8211 | 17/ 01-06-2021 | 46202 | 56/ 09-07-2021 | 24864 |
| 78/ 02-08-2021 | 4236 | 203/ 26-10-2021 | 2600 | 20/04-06-2021 | 30660 | 61/ 20-07-2021 | 15000 |
| 85/09-08-2021 | 97062 | 205/ 27-10-2021 | 43239 | 22/ 08-06-2021 | 15000 | 62/ 20-07-2021 | 1800 |
| 86/ 09-08-2021 | 76048 | 206/ 27-10-2021 | 10268 | 26/ 10-06-2021 | 35537 | 66/ 29-07-2021 | 3050 |
| 87/ 09-08-2021 | 134910 | 207/ 27-10-2021 | 61255 | 28/ 15-06-2021 | 3496 | 108/ 31-08-2021 | 32172 |
| 91/ 10-08-2021 | 105275 | 210/ 31-10-2021 | 21900 | 29/ 16-06-2021 | 1440 | 120/07-09-2021 | 50309 |
| 97/ 17-08-2021 | 45000 | 218/ 03-11-2021 | 105095 | 31/ 18-06-2021 | 97800 | 127/ 13-09-2021 | 19300 |
| 109/ 31-08-2021 | 16152 | 219/ 03-11-2021 | 93000 | 34/ 21-06-2021 | 30000 | 130/ 14-09-2021 | 7534 |
| 135/23-09-2021 | 48000 | 240/ 16-11-2021 | 151125 | 36/ 23-06-2021 | 54574 | 228/ 08-11-2021 | 30000 |
| 136/23-09-2021 | 6200 | 241/ 16-11-2021 | 3800 | 38/ 29-06-2021 | 38586 | 244/ 18-11-2021 | 15436 |

| | | | | | | | |
|---|---|---|---|---|---|---|---|
| 137/24-09-2021 | 22630 | 265/ 30-11-2021 | 22630 | 40/ 29-06-2021 | 1500 | 368/ 12-01-2022 | 76230 |
| 161/ 04-10-2021 | 90000 | 366/ 12-01-2022 | 13140 | 41/ 29-06-2021 | 15022 | 416/ 10-02-2022 | 21029 |
| 165/06-10-2021 | 44295 | 367/ 12-01-2022 | 32780 | 45/ 30-06-2021 | 26239 | 601/ 30-03-2022 | 49200 |

2021-22 വർഷത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ ഡി.സി.സി(ഡൊമിസിലിയർ കെയർ സെന്റർ) കളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടും കമ്മ്യൂണിറ്റി കിച്ചൻ ചെലവുകളുമായി ബന്ധപ്പെട്ടും മറ്റ് അനുബന്ധ ഇനങ്ങൾക്കുമായി 2892686 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I)2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച ഡി.സി.സി കളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന സ്റ്റോക്ക് രജിസ്റ്റർ, ഇൻമേറ്റ്സ് രജിസ്റ്റർ, പ്രതി ദിന വരവ് ചെലവ് കണക്കുകൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കുന്നതിന് റിക്വിസിഷൻ നമ്പർ.1/25.11.2022 പ്രകാരവും ഓഡിറ്റ് എൻക്വയറി നമ്പർ 42/28.11.2022 പ്രകാരവും ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ, ഇൻമേറ്റ്സ് രജിസ്റ്റർ എന്നിവ ലഭ്യമാക്കുമെന്നും വരവ് ചെലവ് കണക്കുകൾ സൂക്ഷിച്ചിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്.

II)സ.ഉ(സാധാ)നം.986/2021/തസ്വഭവ തീ.11.05.2021 പ്രകാരം കമ്മ്യൂണിറ്റി കിച്ചൻ പ്രകാരം ഭക്ഷണം നൽകുന്ന ഗ്രാമപഞ്ചായത്തിലെ ദുർബല വിഭാഗങ്ങളുടെ വാർഡ് തിരിച്ചുള്ള പട്ടിക തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ സൂക്ഷിക്കുന്നതിനും ഓരോ ആഴ്ച തോറും പട്ടിക പുതുക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജാക്കിയിട്ടില്ല. ആയതിനാൽ കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പിലെ ചെലവ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കമ്മ്യൂണിറ്റി കിച്ചൻ ഭക്ഷണ വിതരണ പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട്, കമ്മ്യൂണിറ്റി കിച്ചന് ലഭിച്ച ധനസഹായ വിവരം എന്നിവ സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടില്ല. (റിക്വിസിഷൻ നമ്പർ.1/25.11.2022,എൻക്വയറി നമ്പർ 42/28.11.2022)

III)ഗ്രാമപഞ്ചായത്തിലെ കോവിഡ് പോസിറ്റീവായ 9 നിർധന കുടുംബാംഗങ്ങൾക്ക് 500/- രൂപ വീതമുള്ള ഭക്ഷണകിറ്റ് വിതരണം ചെയ്ത വകയിൽ 4500/- രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 03.05.2021 ലെ CDS/ CHMR/1072 നമ്പർ കത്ത് പ്രകാരം സി.ഡി.എസ് ചെയർ പേഴ്സൺ കത്ത് നൽകിയിരുന്നു. എന്നാൽ സി.ഡി.എസ് ചെയർപേഴ്സണ് വൌച്ചർ നമ്പർ 22100103 തീയതി 06.05.2021 പ്രകാരം 6000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(58/29.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം അനുവദിച്ച 1500/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 2894186/- (2892686+1500)രൂപ തടസപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 കോവിഡ് പ്രതിരോധ പ്രവർത്തനം - തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം | S0133/22 |
| പ്രോജക്ടിന്റെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 3063000(2100000 വി.ഫ+963000 ത.ഫ) |
| ചെലവ് | 2892686(2023536+869150 ത.ഫ) |

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2021-22 വർഷം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 869150/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.911/2021/തസ്വഭവ തീ.26.04.2021 ഉത്തരവ് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എസ്.ഡി.ആർ.എഫിൽ റീ ഇംപേഴ്സ്മെന്റ് പ്രൊപ്പോസൽ സമർപ്പിച്ച് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ റീ ഇംപേഴ്സ്മെന്റിന്റെ അർഹത ഡി.ഡി.എം.എകളുടെ

നിർദ്ദേശപ്രകാരം രൂപീകരിച്ച ഡൊമിസിലിയർ കെയർ സെന്ററുകൾക്കും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്(സ.ഉ(സാധാ)നം.2642/2021/തസ്വഭവ തീ.29.12.2021 ).എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും തുക റീഇംപേഴ്സ് ചെയ്യുന്നതിന് പ്രൊപ്പോസൽ നാളിതുവരെ നൽകിയിട്ടില്ല. പ്രൊപ്പോസൽ സമർപ്പിച്ച് ആയതിന്റെ രേഖകൾ ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.(എൻക്വയറി നം.59/29.11.2022). എസ്.ഡി.ആർ.എഫിൽ റീ ഇംപേഴ്സ്മെന്റ് പ്രൊപ്പോസൽ സമർപ്പിച്ച് തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 പത്രപ്പരസ്യം - അധികം തുക ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം | SO024/22 |
| പ്രോജക്ടിന്റെ പേര് | പദ്ധതി രൂപീകരണം നിർവഹണം മോണിറ്ററിംഗ് |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 300000(വി.ഫ.) |
| ചെലവ് | 160502 |

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് ജി.ഒ(ആർ.ടി).നം.551/15/I&PRD തീ.20.11.2015, ജി.ഓ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഓ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 , ജി.ഓ (പി) നം.1/2019/I&PRD തീ.07.01.2019,ജി.ഓ (പി) നം.2/2020/I&PRD തീ.10.12.2020, ജി.ഓ (പി) നം.5/2021/I&PRD തീ. 11.10.2021 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2020-21,2021-22വർഷങ്ങളിലെ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള കൗമുദി ദിനപ്പത്രത്തിൽ പത്രപ്പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിലല്ല തുക അനുവദിച്ചത്. കേരള കൗമുദി ഓഫീസിൽ നിന്നും ലഭിച്ച ഇൻവോയ്സിൽ സ്ക്വയർ സെന്റീമീറ്ററിന് 320/- രൂപ നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. ജി.ഓ (പി) നം.2/2020/I&PRD തീ.10.12.2020,ജി.ഓ (പി) നം.5/2021/I&PRD തീ. 11.10.2021 എന്നീ ഉത്തരവുകൾ പ്രകാരം കേരള കൗമുദി തിരുവനന്തപുരം എഡിഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 158 രൂപയാണ് (കാറ്റഗറി സി). കൂടാതെ സർക്കാർ സ്ഥാപനങ്ങൾക്ക് പി.ആർ.ഡി. മുഖേന അല്ലാതെ നേരിട്ട് അച്ചടി മാധ്യമങ്ങൾക്ക് പരസ്യം നല്കേണ്ട പ്രത്യേക സാഹചര്യമുണ്ടായാൽ പ്രസ്തുത പരസ്യം പി.ആർ.ഡി മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപ്പത്രങ്ങളിൽ മാത്രം നല്കേണ്ടതാണെന്നും പ്രസ്തുത സാഹചര്യങ്ങളിൽ പി.ആർ.ഡി. പരസ്യനിരക്കിൽ നിന്നും പരമാവധി 50% വരെ മാത്രമേ പരസ്യനിരക്കിൽ വർദ്ധന നല്കാൻ പാടുള്ളൂവെന്നും പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത നിരക്കുകളിൽ നിന്നും വ്യവസ്ഥകളിൽ നിന്നും വ്യത്യസ്ഥമായി അധിക തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നം | ഇൻവോയ്സ് നം | വിസ്തീർണം($cm^2$) | ബിൽപ്രകാരമുള്ള നിരക്ക് | ബിൽ തുക(@320 +5%GST) | പരമാവധി നല്കേണ്ടിയിരുന്ന തുക(@158+50% Hike-15% Dis.+5%GST) | അധികതുക |
|---|---|---|---|---|---|---|
| 604/30.03.2022 | BLTVM00369264/07.07.2021 | 26.6 | 320 | 8938 | 6288 | 2650 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.20/25.11.2022)മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അധിക തുക നൽകുന്ന പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 3185634 രൂപ തടസപ്പെടുത്തുന്നു.

I)എസ്.എസ്.എ പദ്ധതികൾക്കായി താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകയ്ക്ക് വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

| പ്രോജക്ട് നം | SO015/22 | SO051/22 |
|---|---|---|
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം നൽകൽ | എസ്.എസ്.എ വിഹിതം നൽകൽ |

| | | |
|---|---|---|
| നിർവഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 300000(വി.ഫ എസ്.സി.പി) | 500000(വി.ഫ ) |
| ചെലവ് | 300000 | 500000 |
| ബിൽ | 138/25.09.2021 | 122/08.09.2021 |

II)ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം | S0136/22 | | S0138/22 | | S0222/22 | |
|---|---|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും | | ഇല്ക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | ഇല്ക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-രണ്ടാം ഘട്ടം | |
| നിർവഹണം | സെക്രട്ടറി | | സെക്രട്ടറി | | സെക്രട്ടറി | |
| അടങ്കൽ | 2544000(ധന.ഗ്രാന്റ് ) | | 100000(ധന.ഗ്രാന്റ് ) | | 123000(ധന.ഗ്രാന്റ് ) | |
| ചെലവ് | 2261417 | | 92587 | | 31630 | |
| ബിൽ നം തീ | 257/24.11.21 | 242136 | 131/14.09.21 | 15999 | 537/21.03.22 | 20159 |
| | 258/24.11.21 | 375937 | 255/24.11.21 | 3843 | 554/23.03.22 | 11471 |
| | 262/27.11.21 | 49150 | 256/24.11.21 | 15999 | | |
| | 322/22.12.21 | 223409 | 365/12.01.22 | 14938 | | |
| | 445/21.02.22 | 140686 | 371/20.01.22 | 12258 | | |
| | 461/23.02.22 | 167147 | 536/21.03.22 | 29550 | | |
| | 507/27.03.22 | 1029502 | | | | |
| | 535/21.03.22 | 33450 | | | | |

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.38/28.11.2022 ന് ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ I, II പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകയായ 3185634 രൂപ തടസപ്പെടുത്തുന്നു.

## 1-27 കിണർ റീചാർജ്ജിംഗ് - മാനദണ്ഡങ്ങൾ പാലിക്കാതെ തുക അനുവദിച്ചു-ചെലവ് തുക 1980000/- തടസപ്പെടുത്തുന്നു.

| ക്രമ നം | 1 | 2 | 3 |
|---|---|---|---|
| പ്രോജക്ട് നം | S0203/22 | S0135/22 | S0220/22 |
| പ്രോജക്ടിന്റെ പേര് | കിണർ റീചാർജ്ജിംഗ് | കിണർ റീചാർജ്ജിംഗ് | കിണർ റീചാർജ്ജിംഗ് |
| നിർവഹണം | വി.ഇ.ഒ (സർക്കിൾ 1) | വി.ഇ.ഒ(സർക്കിൾ 1) | വി.ഇ.ഒ(സർക്കിൾ 1) |
| അടങ്കൽ | 1156200( ധ.ഗ്രാ) | 1081000(ധ.ഗ്രാ) | 800000(720000ധ.ഗ്രാ+80000 ഗു.വി) |
| ചെലവ് | 180000 | 1080000 | 720000(ധ.ഗ്രാ) |
| ബിൽ നം | 594/27.03.22 | 248/22.11.21(720000/-) 530/19.03.22(360000) | 531/19.03.22(540000/-) 593/27.03.22(180000) |

ഗ്രാമപഞ്ചായത്തിൽ കിണർ റീചാർജ്ജ് പദ്ധതി നടപ്പാക്കുന്നതിന് സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ക്രമ നമ്പർ.1 പ്രകാരമുള്ള പ്രോജക്ടിൽ 25 വ്യക്തികളും ക്രമ നമ്പർ.2 പ്രകാരമുള്ള പ്രോജക്ടിൽ 150

വ്യക്തികളും ക്രമ നമ്പർ.3 പ്രകാരമുള്ള പ്രോജക്ടിൽ 100 വ്യക്തികളുമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ ഡി.പി.സി മെമ്പർ സെക്രട്ടറിയുടെ 19.02.2020 ലെ പി.എൽ.ജി 1425/19-20/ഡി.പി.സി.ഒ/തിരു നമ്പർ ഉത്തരവ് പ്രകാരം യൂത്ത്മെൻ അസോസിയേഷൻ എന്ന ഏജൻസിയാണ് പദ്ധതി നടപ്പാക്കിയത്. പരമാവധി സബ്സിഡി തുകയായ 7200/- രൂപ നിരക്കിൽ പദ്ധതി നിർവഹിച്ച ഏജൻസിയായ യൂത്ത് മെൻസ് അസോസിയേഷന് തൻവർഷം ആകെ 1980000/- രൂപ അനുവദിച്ചിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു

1)സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.5 പ്രകാരം പൊതുവിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് വാർഷിക വരുമാന പരിധി 2 ലക്ഷവും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഗുണോഭോക്താക്കൾക്ക് 3 ലക്ഷവും എന്നതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. എന്നാൽ മേൽ പദ്ധതിയുടെ അപേക്ഷയിൽ ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റോ മറ്റ് വരുമാന രേഖകളോ സൂക്ഷിച്ചിട്ടില്ല. കൂടാതെ നിർവഹണ ഉദ്യോഗസ്ഥൻ വരുമാന പരിധി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപക്ഷകൾ പരിശോധിച്ചതിൽ റേഷൻ കാർഡിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്ത വ്യക്തികളുടെ വരുമാന രേഖകൾ പരിശോധിക്കാതെ പദ്ധതി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

2)യൂത്ത് മെൻസ് അസോസിയേഷൻ എന്ന സ്ഥാപനമാണ് കിണർ റിചാർജ്ജിംഗ് നടപ്പാക്കിയിട്ടുള്ളത്. ഡി.പി.സി മെമ്പർ സെക്രട്ടറിയുടെ 19.02.2020 ലെ പി.എൽ.ജി 1425/19-20/ഡി.പി.സി.ഒ/തിരു നമ്പർ ഉത്തരവ് പ്രകാരം പദ്ധതി നിർവഹണത്തിന് മുൻപ് ഗുണഭോക്താക്കൾ , ഗ്രാമപഞ്ചായത്ത്, നിർവഹണ ഏജൻസി എന്നിവർ ചേർന്നുള്ള തേർഡ് പാർട്ടി എഗ്രിമെന്റിൽ ഏർപ്പടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അത്തരത്തിൽ എഗ്രിമെന്റ് ചമച്ചിട്ടില്ല.

3)മേൽ ഉത്തരവ് പ്രകാരം പ്രോജക്ടുകൾ പരമാവധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പദ്ധതി നടപ്പാക്കിയിട്ടില്ല.

4)2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തികൾ പ്രകാരം തുക അനുവദിച്ചപ്പോൾ ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല. ഫയലിൽ നിർവഹണ ഏജൻസിയുടെ ജി.എസ്.ടി രജിസ്ട്രേഷൻ രേഖകൾ സൂക്ഷിച്ചിട്ടില്ല.

5)1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. കൂടാതെ പാൻകാർഡ് സമർപ്പിക്കാത്ത പ്രവൃത്തികൾക്ക് വകുപ്പ് 206 എഎ പ്രകാരം 20 % ആദായ നികുതി ഈടാക്കേണ്ടതാണ്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല. കൂടാതെ ഏജൻസിയുടെ പാൻകാർഡ് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിലാണ് മേൽ പദ്ധതി നടപ്പാക്കിയതെന്നും ഗുണഭോക്താക്കളുടെ അഭാവം നിലനിന്നിരുന്ന സാഹചര്യത്തിൽ റേഷൻകാർഡിലെ വരുമാനം പരിശോധിച്ചാണ് പദ്ധതി ആനുകൂല്യം നൽകിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാൽ ആണ് മേൽ അപാകത സംഭവിച്ചത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. (എൻക്വയറി നം.36/25.11.2022). മേൽ ഏജൻസിയിൽ നിന്നും ജി.എസി.ടി ഒടുക്കിയതിന്റെയും ആദായ നികുതി ഒടുക്കിയതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച ആധികാരിക രേഖകൾ, നിർവ്വഹണ ഏജൻസിയുമായുള്ള കരാർ നികുതികൾ ഈടാക്കിയതിന്റെ രേഖകൾ എന്നിവയുടെ അഭാവത്തിൽ ചെലവ് തുക 1980000/- രൂപ തടസപ്പെടുത്തുന്നു.

## 1-28 ഗാർഹിക മാലിന്യ സംസ്കരണ സംവിധാനം - മാനദണ്ഡങ്ങൾ പാലിക്കാതെ തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം | S0142/22 |
| പ്രോജക്ടിന്റെ പേര് | ഗാർഹിക മാലിന്യ സംസ്കരണ സംവിധാനം |
| നിർവഹണം | വി.ഇ.ഒ(സർക്കിൾ 1) |

| | |
|---|---|
| അടങ്കൽ | 3205500( 2890500ധ.ഗ്രാ+31500 ഗുണ .വി) |
| ചെലവ് | 1285000(1213000+72000) |

ഗ്രാമപഞ്ചായത്തിലെ 1000 വീടുകളിൽ യൂണിറ്റ് കോസ്റ്റ് 1800 രൂപ നിരക്കിൽ ബയോകമ്പോസ്റ്റർ ബിന്നും 540 വീടുകളിൽ 2500 രൂപ നിരക്കിൽ റിംഗ് കമ്പോസ്റ്റ് ബിന്നും സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ബയോകമ്പോസ്റ്റർ ബിന്ന് 180 രൂപ ഗുണഭോക്തൃ വിഹിതവും റിംഗ് കമ്പോസ്റ്റിന് 250 രൂപ വീതം ഗുണഭോക്തൃ വിഹിതവും ഈടാക്കുന്നു. മേൽ ഇനങ്ങൾ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനം മുഖേന നേരിട്ട് വാങ്ങിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ നിന്നും 02.12.2021 തീയതിയിൽ നിന്നും ലഭ്യമായ കത്ത് പ്രകാരം 1000 ബയോകമ്പോസ്റ്റർ ബിന്നുകളുടെ മുൻ കൂർ തുകയായി 360000രൂപ (ബിൽ 279/16.12.21)അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും 28.01.2021 ലഭിച്ച കത്തു പ്രകാരം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ലഭ്യമാക്കുന്ന 400 ബിന്നുകളുടെ ആകെ തുകയായ 720000 രൂപയിൽ നിന്നും 400 ബിന്നുകൾക്കായി അനുവദിച്ച മുൻകൂർ(144000/-) കുറച്ചുള്ള തുകയായ 576000 രൂപ അനുവദിക്കുന്നതിന് കത്ത് നൽകിയിരുന്നു. എന്നാൽ പദ്ധതിക്കായി മുൻകൂർ നൽകിയ തുക കുറവ് ചെയ്യാതെ 400 ബിന്നുകളുടെ തുകയായ 720000/- രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്.

2)പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാതെയാണ് പദ്ധതി നടപ്പാക്കിയത് .കൂടാതെ 2021-22 വർഷത്തിൽ 400 ബയോകമ്പോസ്റ്റർ ബിന്നുകൾ മാത്രമാണ് വിതരണം ചെയ്തത്.

പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിനായി അപേക്ഷ ക്ഷണിച്ചിരുന്നെങ്കിലും 1500 ൽ കൂടുതൽ ഗുണഭോക്താക്കൾ വേണ്ട പദ്ധതിക്കായി മതിയായ അപേക്ഷ കൾ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ പദ്ധതി പ്രകാരം എല്ലാ വിഭാഗം ഗുണഭോക്താക്കളെയും ഉൾപ്പെടുത്താമെന്നതിനാലും എ പി എൽ ബി പി എൽ വ്യത്യാസമില്ലാത്തതിനാലും അപേക്ഷകരെ ഫീൽഡ് തലത്തിൽ കണ്ടെത്തിയാണ് പ്രോജക്ട് നടപ്പാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്(എൻക്വയറി നം.54/29.11.2022) കൂടാതെ പ്രോജക്ട് പ്രകാരം 1000 ബയോകമ്പോസ്റ്റർ ബിന്നുകളും 540 'റിംഗ് കമ്പോസ്റ്റ് യൂണിറ്റുകളും വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെന്നും 2021-22,2022-23 സാമ്പത്തിക വർഷങ്ങളിലായി 800 ബയോകമ്പോസ്റ്റർ ബിന്നുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കിയ റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ ബയോകമ്പോസ്റ്റർ ബിന്നുകളേക്കാൾ ഫലപ്രദമാണെന്ന് കണ്ടതിനാൽ ബയോകമ്പോസ്റ്റർ ബിന്നുകൾക്കായി നീക്കി വെച്ചിരുന്ന ബാക്കി തുക റിംഗ് കമ്പോസ്റ്റ് പ്രവർത്തനങ്ങൾക്കായി മാറ്റിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-29 ഭവന പുനരുദ്ധാരണം-കെട്ടിട നികുതി നിർണയിക്കുന്നതിലും കാലപ്പഴക്കം രേഖപ്പെടുത്തിയതിലും അപാകം

| പ്രോജക്ട് നം | SO032/22 | SO144/22 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം ജനറൽ | ഭവന പുനരുദ്ധാരണം എസ്.സി.പി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 292000(2920390 വി.ഫ+4610 ത.ഫ) | 2325000(2261520 വി.ഫ+63480 ത.ഫ) |
| ചെലവ് | 2787500(വി.ഫ) | 2225900(വി.ഫ) |

ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന വ്യക്തികളുടെ വീട് പുനരുദ്ധാരണത്തിന് ധന സഹായം നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത് .സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മേൽ മാനദണ്ഡം പാലിക്കാതെ തുക അനുവദിച്ച നൽകി.

| ക്രമ | പ്രോജക്ട് | ഗുണഭോക്താവ് | കെട്ടിട | അപാകത |
|---|---|---|---|---|

| നം | നം | | നം | |
|---|---|---|---|---|
| 1 | SO032/22 | കമിദ ,കുന്നവിള വീട് | 2/224/B | കെട്ടിടത്തിന്റെ നികുതി നിർണിയിച്ചത് 2016 ഒന്നാം അർദ്ധ വർഷം മുതലാണ്. |
| 2 | SO032/22 | ലീല കുമാരി, അനൂപ് മന്ദിരം | 2/467/B | കെട്ടിടത്തിന്റെ നികുതി നിർണിയിച്ചത് 2020ഒന്നാം അർദ്ധ വർഷം മുതലാണ്. എന്നാൽഗ്രാ.പ സെക്രട്ടറിയുടെ സാക്ഷ്യപത്രം പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം 2 വർഷമാണ്. |
| 3 | SO144/22 | ഗിരിജ, പണയിൽ വീട് | 13/519/B | കെട്ടിടത്തിന്റെ നികുതി നിർണിയിച്ചത് 2017 ഒന്നാം അർദ്ധ വർഷം മുതലാണ്. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 57/29.11.2022 എന്നിവയ്ക്ക് ലഭ്യമായ മറുപടിയിൽ കെട്ടിടങ്ങളുടെ വിവരം പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിലെ കാലതാമസം മൂലമാണ് കാലപ്പഴക്കം തെറ്റായി കാണപ്പെട്ടതെന്നും സ്ഥലപരിശോധന നടത്തി ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 ലൈഫ് ഭവന പദ്ധതി - പദ്ധതി നിർവഹണത്തിലെ വിവിധ അപാകങ്ങൾ

I)ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ

| പ്രോജക്ട് നം | SO033/22,SO146/22,SO147/22,SO034/22 | SO151/22 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് മിഷൻ | ലൈഫ് മിഷൻ എസ്.സി.പി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 2 |

2021-22 വർഷത്തിൽ നടപ്പാക്കിയ വിവിധ ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് അപേക്ഷകളിൽ താഴെപ്പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1)ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെ ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധച്ച് പ്രത്യക നിർദ്ദേശം ലഭിക്കാത്തതിനാലാണ് ഫോട്ടോ സൂക്ഷിക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്(എൻക്വയറി നം.56/29.11.2022) എന്നാൽ സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ ക്രമ നമ്പർ 11 പ്രകാരം ഭവന നിർമ്മാണ ഘട്ടങ്ങളുടെ ഫോട്ടോ തദ്ദേശ സ്ഥാപനങ്ങൾ സ്വന്തം ചെലവിൽ എടുക്കുന്നതിന് ക്രമീകരണം നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2)കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിൽ നിന്നും പെർമ്മിറ്റ്/ NOC എന്നിവ ലഭ്യമാക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3)ലൈഫ് പദ്ധതി പ്രകാരം വിനിയോഗിക്കേണ്ട ഫണ്ടിനത്തിന്റെ അടിസ്ഥാനത്തിലല്ല ഗുണഭോക്താക്കൾക്ക് തുക നൽകുന്നത്. കൂടാതെ ഗുണഭോക്താക്കൾക്ക് നൽകുന്ന ഫണ്ടിനം വി.ഇ.ഒ സർക്കിൾ 1 നടപ്പാക്കിയ പ്രോജക്ടുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്( എൻക്വയറി നം.56/29.11.2022)

II)ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയുടെ വിവിധ ഗഡു തുകകൾ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണത്തിന്റെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

| ക്രമ നം | പേര് | വിലാസം | വിഭാഗം | കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഇന്ദു ബി.എസ് | കുന്നവിള വീട് | പട്ടികജാതി | 07.01.2019<br>16.03.2019 | 40000<br>160000 |
| 2 | രാജി/മണിക്കുട്ടൻ | മലയിൽ വീട് | പട്ടികജാതി | 25.10.2018<br>05.02.2019<br>09.07.2019 | 40000<br>160000<br>100000 |

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി നം.56/29.11.2022 ക്രമ നമ്പർ II ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-31 പദ്ധതി ആനുകൂല്യത്തിനായി ലഭ്യമാക്കുന്ന രേഖകൾ തൻവർഷത്തേതാണെന്ന് ഉറപ്പാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0102/2021-22 |
| പ്രോജക്ടിന്റെ പേര് | വാഴ കൃഷി |
| അടങ്കൽ | 2,10,000/- ( വി.ഫ.ജ.)<br>2,10,000/- ( മറ്റുള്ളവ) |
| ചെലവ് | 2,10,000/- ( വി.ഫ.ജ.) |
| നിർവ്വഹണം | കൃഷി ഓഫീസർ |

മേൽ പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളോടൊപ്പം ലഭ്യമാക്കിയ കരം തീർത്ത രസീതുകളിൽ ഭൂരിഭാഗവും 2021-22 സാമ്പത്തിക വർഷത്തേതല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | കരം അടവാക്കിയ തീയതി |
|---|---|---|
| 1 | ടെസി.ആർ, തിരുവാതിര, ഞെക്കാട് | 06.06.2020 |
| 2 | ലീല, സി.എൽ.നിവാസ്, ചെമ്മരുതി | 04.06.2020 |
| 3 | ലില്ലി.എസ്, ചോതി ഭവൻ, മുത്താന | 14.07.2020 |
| 4 | ഷൈലജ.എസ്, ഷബീർ മൻസിൽ, പ്രളയഗിരി | 20.06.2020 |
| 5 | ഭാരതി, സരിത ഭവൻ, മാവിൻ മൂട് | 17.02.2020 |
| 6 | ബി. മഹിളാമണി, ദർശനം, പനയറ പി.ഒ | 15.06.2020 |
| 7 | ലാലി. എസ്, കൃഷ്ണ, പ്രസിഡന്റ് ജംങ്ഷൻ | 26.03.2021 |
| 8 | നിസ, നിസ മൻസിൽ, തറട്ട | 27.11.2020 |
| 9 | ഷീബ.ബി, ത്രയംബകം, തച്ചോട് | 21.01.2020 |
| 10 | ലളിതാംബിക, ഷാൻ നിവാസ്, തോക്കാട് പി.ഒ | 23.06.2020 |

അപേക്ഷയോടൊപ്പം മുൻവർഷത്തെ കരം അടവാക്കിയ രസീത് സമർപ്പിക്കുന്നവരോട് തൻവർഷത്തെ രസീത് സമർപ്പിക്കാൻ ആവശ്യപ്പെട്ടാലും ചിലർ നൽകാറില്ലായെന്നും പ്ലാൻ ഫണ്ട് മാറുന്നതിന് പഞ്ചായത്തിൽ നിന്നും സമ്മർദ്ദം ഉണ്ടാകുമ്പോൾ പ്രസ്തുത വ്യക്തികൾ ഉൾപ്പെടെയുള്ളവർക്ക് ആനുകൂല്യം നൽകേണ്ടി വരാറുമുണ്ടെന്നുമാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 28/ 26.11.2022 ന്റെ മറുപടിയായി കൃഷി ഓഫീസർ അറിയിച്ചത്. പദ്ധതി ആനുകൂല്യത്തിനായി ലഭ്യമാക്കുന്ന രേഖകൾ കാലികമാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

## 1-32 അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 31 അങ്കണവാടികളാണുള്ളത്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/ തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൌതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/24.11.2022 ന്റെ മറുപടി ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | അംഗനവാടികളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 10 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 10 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 2 |
| 4 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 31 |
| 5 | റോഡിന് സമീപത്ത് അല്ലാത്തവ | 5 |
| 6 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 0 |
| 7 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 16 |
| 8 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 6 |
| 9 | സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡില്ലാത്തവ | 1 |
| 10 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 0 |
| 11 | ഫയൽ റാക്ക് ഇല്ലാത്തവ | 5 |
| 12 | പരാതിപ്പെട്ടി ഇല്ലാത്തവ | 0 |
| 13 | ബെൽ ഇല്ലാത്തവ | 0 |
| 14 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 29 |

2021-22 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ S0202/ 21-22 പ്രകാരം 17 അങ്കണവാടികളിൽ നെയിംബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും സൂപ്പർവൈസറുടെ ഫോൺനമ്പർ ഉൾപ്പെടുത്തിയിട്ടില്ല. അവശേഷിക്കുന്ന അങ്കണവാടികളിൽ നെയിംബോർഡുകൾ സ്ഥാപിക്കുമ്പോൾ സൂപ്പർവൈസറുടെ ഫോൺനമ്പർ കൂടി ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

സ്ത്രീകളും പെൺകുട്ടികളും സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ജാഗ്രത സമിതികൾ. സ.ഉ (എം.എസ്) നം.31/07 സ.ക്ഷേ.വ തീ.23.06.2007 ഉത്തരവ് പ്രകാരമുള്ള ജാഗ്രതാ സമിതി പ്രവർത്തന മാർഗരേഖ ഭാഗം.1.2.6 പ്രകാരം ജാഗ്രതാസമിതി സർക്കാർതലത്തിൽ പ്രവർത്തിക്കുന്ന സ്ത്രീസംഘടനകൾ, അഭയ കേന്ദ്രങ്ങൾ, കൌൺസിലിങ് സെന്ററുകൾ, തൊഴിൽപരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ പിന്തുണാസംവിധാനങ്ങളുടെ ഒരു ഡാറ്റാ ബാങ്ക് ( ഡയറക്ടറി ) തയ്യാറാക്കി സൂക്ഷിക്കേണ്ടതും സമാനചിന്താഗതിയോടെ പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്ന സംഘടനകൾ, പ്രസ്ഥാനങ്ങൾ എന്നിവയുടെ രജിസ്റ്റർ തയ്യാറാക്കി ഗ്രാമസഭയിൽ / വാർഡ്സഭയിൽ വച്ച് അംഗീകരിച്ച് സൂക്ഷിക്കേണ്ടതും തുടർപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ ഇത്തരത്തിലൊരു ഡാറ്റാ ബാങ്ക് സൂക്ഷിക്കുന്നില്ലായെന്നും ആയത് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പ് 07/24.11.2022 ന്റെ മറുപടിയായി അറിയിച്ചിട്ടുണ്ട് . ഭാഗം. 1.7 -ലെ നിർദ്ദേശ പ്രകാരം കേസിന്റെ സിറ്റിംഗിനുള്ള സ്വകാര്യതയും, സ്വതന്ത്രസംഭാഷണം നടത്താനുള്ള സാഹചര്യവും ഉള്ള തരത്തിൽ ജാഗ്രതാസമിതി ഓഫീസ് പഞ്ചായത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. 2021 - 22സാമ്പത്തിക വർഷം 3 തവണ പഞ്ചായത്ത് തല ജാഗ്രത സമിതി യോഗം ചേർന്നിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം" ജാഗ്രതാസമിതി ശാക്തീകരണം ജെൻഡർ റിസോഴ്സ് സെന്റർ - കൌൺസിലർ " എന്ന പ്രോജക്ടിനായി 1,00,000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും തുക ചെലവഴിച്ചിട്ടില്ല. കോവിഡ് പശ്ചാത്തലത്തിൽ കൗൺസിലറെ നിയമിക്കാൻ സാധിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ജാഗ്രതാ സമിതി ശാക്തീകരണവുമായി ബന്ധപ്പെട്ട നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-34 "സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും" - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | S0051/21-22 |
| പ്രോജക്ടിന്റെ പേര് | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും |

| | |
|---|---|
| അടങ്കൽ | 1653000/-<br>(വികസന ഫണ്ട്-ജനറൽ 826500/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 413250/-, ജില്ലാ പഞ്ചായത്ത് വിഹിതം 413250/-) |
| ചെലവ് | 1512800/- (വികസന ഫണ്ട്-ജനറൽ 826500/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 299250/-, ജില്ലാ പഞ്ചായത്ത് വിഹിതം 387050/-) |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രയ്ക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പ്രതിവർഷം 28500/- രൂപ അനുവദിക്കാവുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-34-1 വ്യത്യസ്ത നിരക്കിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക വിതരണം ചെയ്തു

പ്രോജക്ടിൽ ഉൾപ്പെട്ട 55 വിദ്യാർത്ഥികളിൽ ചുവടെ ചേർക്കുന്നവർക്ക് 28500/- രൂപയിൽ കുറഞ്ഞ തുകയാണ് നൽകിയിരിക്കുന്നത്. വിശദാംശം ചുവടെ

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | സ്കോളർഷിപ്പ് തുക |
|---|---|---|
| 1 | ശബരീഷ് എസ്.ഡി | 24000 |
| 2 | രാജേഷ് ആർ | 19800 |
| 3 | രാഹുൽ.ബി | 27750 |
| 4 | സയദ് മുഹമ്മദ് എ | 24000 |
| 5 | ആതിര.ആർ | 24000 |
| 6 | അരുൺ എസ്.റ്റി | 24000 |
| 7 | പ്രമോദ് പി | 25500 |
| 8 | വിഷ്ണു.എ | 24000 |
| 9 | ഹരീഷ് | 24000 |
| 10 | അൻസി.എ | 26500 |
| 11 | ജസ്ന ജെ | 26000 |
| 12 | രജീഷ് | 26000 |
| 13 | വിനീത് വി | 26000 |
| 14 | ഗായത്രി | 24000 |
| 15 | മഹിമ അനൂപ് | 27500 |
| 16 | സിമി.എസ് | 24000 |
| 17 | വിഷ്ണു.ആർ | 24000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 18/25.11.2022 ന് മറുപടിയായി വിദ്യാർത്ഥികൾക്ക് മുഴുവൻ തുക നൽകാൻ കഴിഞ്ഞിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. 25.01.19- ലെ ഡി.എ.1/19 /2019/തസ്വഭവ നം. സർക്കുലർ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മുഴുവൻ സ്കോളർഷിപ്പും ബത്തയും എല്ലാ മാസവും കൃത്യമായി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രോജക്ടിൽ ഉൾപ്പെട്ട എല്ലാ

വിദ്യാർത്ഥികൾക്കും മുഴുവൻ സ്കോളർഷിപ്പ് തുകയും നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-34-2 സ്നേഹസ്പർശം- സ്കോളർഷിപ്പും ബത്തയും - പരിധിയിൽ അധികമായി ആനുകൂല്യം അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S005/21-22 |
| പ്രോജക്ടിന്റെ പേര് | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും |
| അടങ്കൽ | 1653000/-<br>(വികസന ഫണ്ട്-ജനറൽ 826500/-,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 413250/-,<br>ജില്ലാ പഞ്ചായത്ത് വിഹിതം 413250/-) |
| ചെലവ് | 1512800/- (വികസന ഫണ്ട്-ജനറൽ 826500/-,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 299250/-,<br>ജില്ലാ പഞ്ചായത്ത് വിഹിതം 387050/-) |
| ബിൽ നമ്പർ / സാങ്ഷൻ ഓർഡർ നമ്പർ | 119/06.09.2021 തുക 175000/-<br>182/14.10.2021 തുക 126000/-<br>183/15.10.2021 തുക 21000/-<br>181/14.10.21 തുക 70000/-<br>200/25.10.2021 തുക 8500/-<br>198/25.10.21 തുക 114000/-<br>216/02.11.2021 തുക 6000/-<br>321/22.12,2021 തുക 230300/-<br>322/22.12.2021 തുക 160875/-<br>341/04.01.2022 തുക 71085/-<br>347/05.01.2022 തുക 35875/-<br>419/10.02.2022 തുക 194615/-<br>420/10.02.2022 തുക 26500/-<br>473/ 06.03.2022 തുക 273050/- |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രയ്ക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പ്രതിവർഷം 28500/- രൂപ അനുവദിക്കാവുന്നതാണ്. ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾക്ക് പരിധിയിൽ അധികമായി തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | അക്കൌണ്ട് നമ്പർ | ഐ.എഫ്.എസ്.സി കോഡ് | ബിൽ നം./ അനുവദിച്ച തുക | ആകെ അനുവദിച്ച തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | ഹരി.ജി | 67203103634 | SBIN0070048 | 119/06.09.2021 – 5000/-<br>182/14.10.2021 – 3500/-<br>181/14.10.21 - 2000/-<br>198/25.10.21 – 3000/-<br>341/04.01.2022 – 6875/-<br>347/05.01.2022 – 5125/-<br>419/10.02.2022 – 2000/-<br>473/06.03.2022 - 6125/- | 33625/- | 5125/- |
| 2 | അമൽ ഷൈൻ | 32705425494 | SBIN0070221 | 119/06.09.2021 – 5000/-<br>182/14.10.2021 – 3500/- | 33625/- | 5125/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | 181/14.10.21 - 2000/- | | |
| | | | | 198/25.10.21 – 3000/- | | |
| | | | | 341/04.01.2022 – 6875/- | | |
| | | | | 347/05.01.2022 – 5125/- | | |
| | | | | 419/10.02.2022 – 2000/- | | |
| | | | | 473/ 06.03.2022 - 6125/- | | |
| 3 | പ്രണവ് പി | 67267074856 | SBIN0070221 | 119/06.09.2021 – 5000/-<br>182/14.10.2021 – 3500/-<br>181/14.10.21 - 2000/-<br>198/25.10.21 – 3000/-<br>321/22.12,2021 - 2750/-<br>322/22.12.2021 - 3125/-<br>419/10.02.2022 - 3000/-<br>420/10.02.2022 - 1125/-<br>473/ 06.03.2022 - 5125/- | 28625/- | 125/- |
| 4 | ശ്യാംകുമാർ.എസ് | 67173627538 | SBIN0070221 | 119/06.09.2021 – 5000/-<br>182/14.10.2021 – 3500/-<br>181/14.10.21 - 2000/-<br>198/25.10.21 – 3000/-<br>321/22.12,2021 - 2750/-<br>322/22.12.2021 - 3125/-<br>419/10.02.2022 - 3000/-<br>420/10.02.2022 - 1125/-<br>473/ 06.03.2022 - 5125/- | 28625/- | 125/- |

അധികമായി സ്കോളർഷിപ്പ് ഉക നൽകിയത് തന്റെ ഭാഗത്തെ വീഴ്ചയാണെന്നും ആയത് മാപ്പാക്കണമെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 18/25.11.2022 ന് മറുപടി) . അവശവിഭാഗങ്ങൾക്കായി സർക്കാർ മറ്റ് ഏജൻസികൾ എന്നിവയിൽ നിന്ന് ലഭ്യമാകുന്ന തുകകൾ കൃത്യമായി അർഹരായ ഗുണഭോക്താക്കൾക്കും ലഭിക്കുന്നുണ്ടെന്നും അർഹമായ തുക ചെലവാകുന്നില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. അപാകം ഭാവിയിൽ ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

## 1-35 വെറ്ററിനറി സർജൻ നിർവഹിച്ച പ്രോജക്ടുകളിലെ അപാകങ്ങൾ

2021-22 വർഷം വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-35-1 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആടുകളെ നൽകി - 1,32,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0077/2021-22 |
| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ (എസ്.സി) |
| അടങ്കൽ | 9,76,000/- ( വി.ഫ.ജ – 7,26,400/-,തനത് ഫണ്ട് - 5600/-, ഗുണഭോക്തൃവിഹിതം - 2,44,000/-) |
| ചെലവ് | 9,44,000/- ( വി.ഫ.ജ – 7,02,400/- , തനത് ഫണ്ട് - 5600/-, ഗുണഭോക്തൃവിഹിതം - 2,36,000/-) |

| | |
|---|---|
| | |
| ബിൽ നം. | 396/28.01.2022 തുക 2,40,000/-<br>406/03.02.2022 തുക 2,10,400/-<br>407/03.02.2022 തുക 5,600/-<br>566/25.03.2022 തുക 2,52,000/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

ഗ്രാമപഞ്ചായത്തിലെ 59 എസ് സി വിഭാഗത്തിൽപ്പെടുന്ന വനിത ഗുണഭോക്താക്കൾക്ക് 6-8 മാസം പ്രായമുള്ള കുറഞ്ഞത് 12 KG തൂക്കമുള്ള 2 പെൺ ആട്ടിൻകുട്ടികളെ വാങ്ങി നൽകുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചത്. ഒരു ഗുണഭോക്താവ് 4000/-രൂപ ഗുണഭോക്തൃവിഹിതമായി അടയ്ക്കുന്നു. 12000/-രൂപ സബ്സിഡിയായും നൽകുന്നു. പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ചുവടെ ചേർക്കുന്നവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

1)ബീന.എസ്, തുഷാരം, കോവൂർ

2)ആതിര റ്റി.ബി, നമ്പ്യാർകോണം വീട്, കോവൂർ

3)സുമ ആർ.എസ്, ആർ.എസ്. നിവാസ്, ചെമ്മരുതി

4)ശോഭ, മഹിമ മന്ദിരം, മുത്താന

5)രാഗിണി, മീമ്പാട്ടുവിള വീട്, പനയറ

6)ഗീത ജെ, ഗീതു ഭവൻ, ഞെക്കാട്

7)സുധ, സുൽത്താൻ പണയിൽ വീട്

8)ശരണ്യ ദാസ്, ശരണ്യ , തോക്കാട്

9)ആനന്ദവല്ലി, വിഷ്ണു നിവാസ്, തറട്ട

10)ശാന്ത, മഠത്തിൽ കിഴക്കതിൽ വീട്, കോവൂർ

11)അർച്ചന.എ, പുന്നവിള വീട്, വട്ടപ്ലാമൂട്

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം നൽകിയ മുകളിൽ സൂചിപ്പിച്ച 11 ആളുകളുടെ പേരുകൾ അഡീഷണൽ ലിസ്റ്റായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ പഞ്ചായത്തിൽ നൽകിയിരുന്നുവെന്നും ആയത് പരിശോധിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നമ്പർ 46/ 29.11.2022 ന്റെ മറുപടിയായി അറിയിച്ചിട്ടുണ്ട്. ഗുണഭോക്ത്യ ലിസ്റ്റിൽ ഉൾപ്പെടാത്ത 11 പേർക്ക് ആടിനെ നൽകിയതിന് സബ്സിഡി ഇനത്തിൽ ചെലവായ 1,32,000/- രൂപ തടസം ചെയ്യുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35-2 ആട്ടുവളർത്തൽ (ജനറൽ), (എസ്.സി) പദ്ധതി പ്രകാരം ലഭ്യമാക്കുന്ന ആടുകളെ ഇൻഷ്വർ ചെയ്യിട്ടില്ല

| ആട് വളർത്തൽ (ജനറൽ) | | ആട് വളർത്തൽ (എസ്.സി) | |
|---|---|---|---|
| പ്രോജക്ട് നമ്പർ | S0184/2021-22 | പ്രോജക്ട് നമ്പർ | S0077/2021-22 |
| അടങ്കൽ | 608000/-( വി.ഫ.ജ 3,04,000/-<br>ഗുണഭോക്തൃ | അടങ്കൽ | 9,76,000/- ( വി.ഫ.ജ - 7,26,400/-, തനത് ഫണ്ട് - 5600/-, ഗുണഭോക്തൃവിഹിതം - 2,44,000/-) |

| | | | |
|---|---|---|---|
| | വിഹിതം - 3,04,000/-) | | |
| ചെലവ് | 56,000/- (വി.ഫ.ജ) | ചെലവ് | 9,44,000/- ( വി.ഫ.ജ - 7,02,400/- , തനത് ഫണ്ട് - 5600/-, ഗുണഭോക്തൃവിഹിതം - 2,36,000/-) |

ആട് വളർത്തൽ (ജനറൽ) പദ്ധതി പ്രകാരം നൽകിയ ഏഴ് ആടുകളിൽ രണ്ട് ആടുകളെയും , ആട് വളർത്തൽ (എസ്.സി) പദ്ധതി പ്രകാരം നൽകിയ 59 ആടുകളിൽ 45 ആടുകളെയും ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആടിനെ വിതരണം ചെയ്തപ്പോൾ തന്നെ എല്ലാ ഗുണഭോക്താക്കൾക്കും ഇൻഷുറൻസ് ഫോറം നൽകുകയും ഇൻഷ്വറൻസ് അടച്ചതിന്റെ രേഖകൾ ഹാജരാക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നുവെന്നും ഗുണഭോക്താക്കളെ നിരന്തരമായി ബന്ധപ്പെട്ടിട്ടും രേഖകൾ ഹാജരാക്കിയിട്ടില്ലായെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 43/ 28.11.22, 46/ 29.11.2022 എന്നിവയുടെ മറുപടിയായി അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം നൽകുന്ന ആടുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

## 1-36 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | S0065 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 262477 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 262477 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ബിൽ നമ്പർ | 4/6.5.2021 തുക 200000/-<br>509/17.3.2022 തുക 62477/- |

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ചെമ്മരുതി ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങുന്നതിനായി 2,62,477/- രൂപ ഹോംകോയ്ക്ക് കൈമാറിയിരുന്നു. എന്നാൽ നാളിതുവരെ ചെമ്മരുതി ഹോമിയോ ഡിസ്പെൻസറിയ്ക്ക് LF562/22.8.2022 പ്രകാരം 1,00,000/- രൂപയുടെയും, സബ് സെന്ററായ പാളയംകുന്ന് ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് LF 384/20.7.2022, LF 982/10.11.22 എന്നീ ബില്ലുകൾ പ്രകാരം 100000/- രൂപയുടെയും മരുന്നുകൾ ഉൾപ്പെടെ ആകെ 2,00,000/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 62477/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്.

പ്രോജക്ട് റിവൈസ് ചെയ്ത് 2022 മാർച്ച് മാസം ആണ് 62477/- രൂപ ലഭ്യമായതെന്നും ടി മാസം തന്നെ പ്രൊഫോർമ ഇൻവോയിസ്, എൻ.എ.സി. എന്നിവ ലഭ്യമാക്കുകയും 18.3.2022 ന് ഹോംകോയ്ക്ക് തുക കൈമാറിയിട്ടുണ്ടെന്നും 20.3.2022 ൽ 62477/- രൂപയുടെ ഇൻഡന്റ് ഹോംകോയിൽ സമർപ്പിച്ചിട്ടുണ്ടെന്നും നിലവിൽ ഹോംകോയിൽ നിന്നും ലഭിക്കുന്ന മുൻഗണന പട്ടിക പ്രകാരം ഉടൻ തന്നെ 62477/- രൂപയുടെ മരുന്ന് ലഭ്യമാകുമെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.44/29.11.2022 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 കുടുംബാരോഗ്യകേന്ദ്രം, ചെമ്മരുതി - പാളയംകുന്ന് സബ് സെന്ററിന് കുടിവെള്ള കണക്ഷൻ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0120/22 |
| പ്രോജക്ടിന്റെ പേര് | പാളയംകുന്ന് സബ് സെന്ററിന് കുടിവെള്ള കണക്ഷൻ |

| | |
|---|---|
| അടങ്കൽ | 110000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 99600 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| ബിൽ നമ്പർ | 57/13.7.2021 തുക 99600/- |

ചെമ്മരുതി കുടുംബാരോഗ്യകേന്ദ്രത്തിന്റെ പാളയംകുന്ന് സബ് സെന്ററിന് കുടിവെള്ള കണക്ഷൻ എടുക്കുന്നതിനായി മേൽ പ്രോജക്ട് പ്രകാരം കേരള വാട്ടർ അതോറിറ്റിയ്ക്ക് ബിൽ നമ്പർ 57/13.7.2021 പ്രകാരം 99600/-രൂപ നൽകിയിരുന്നു. ഇതിൻപ്രകാരം കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി 13.10.2021 ൽ ചെമ്മരുതി എഫ്.എച്ച്.സി.മെഡിക്കൽ ഓഫീസർ കരാർ ഉടമ്പടി തയ്യാറാക്കി. എന്നാൽ മെഡിക്കൽ ഓഫീസർ കരാറിൽ ഒപ്പ് വച്ചിട്ടില്ല.

കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് 14.2.2018 തീയതിയിലെ സ.ഉ.(കൈ)നം.22/2018/ തസ്വഭവ 11.2 (ഡി)യിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂർ തുക കൈമാറിയതിനുശേഷമാണ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി മെഡിക്കൽ ഓഫീസർ കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 51/29.11.2022) മറുപടിയായി കരാറിൽ ഏർപ്പെട്ടതിന് മുൻപ് മുൻകൂർ നൽകിയത് മുൻപരിചയമില്ലാത്തതിനാലും അറിവില്ലായ്മ മൂലമാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-38 തുക കൈമാറിയെങ്കിലും കമ്പ്യൂട്ടർ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | SO0223/22 |
| പ്രോജക്ടിന്റെ പേര് | കുടുംബാരോഗ്യകേന്ദ്രത്തിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 75400(മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 55997/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി/എഫ്.എച്ച്.സി |
| ബിൽ നം | 562/24.3.2022 തുക 39797/- (കമ്പ്യൂട്ടർ)<br>571/25.3.2022 16200/- രൂപ (പ്രിന്റർ) |

കുടുംബാരോഗ്യ കേന്ദ്രത്തിന് കമ്പ്യൂട്ടർ വാങ്ങുന്നതിനായി ബിൽ നം.562/24.3.2022 പ്രകാരം 39797/- രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷന് കൈമാറിയിരുന്നു. എന്നാൽ നാളിതുവരെയും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. വർക്ക് ഓർഡർ നൽകാതിരുന്നതിനാലാണ് കമ്പ്യൂട്ടർ ലഭ്യമാകാൻ കാലതാമസം നേരിടുന്നതെന്ന് ഓഡിറ്റ് എൻക്വയറി നം.66/ 30.11.2022 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

## 1-39 ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ - അപാകങ്ങൾ

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | SO102/22 | |
| പ്രോജക്റ്റിന്റെ പേര് | ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് | 4,30,000 | 2,45,928 |
| തനത് ഫണ്ട് | 70,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,00,000 | 0 |
| ആകെ | 6,00,000 | 2,45,928 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി | |

ബഡ്സ് സ്കൂൾ വർക്കർ, ഹെൽപ്പർ എന്നിവർക്ക് വേതനം നൽകുന്നതിനും വാഹനസൌകര്യം, ഭക്ഷണം, അനുബന്ധച്ചെലവുകൾ എന്നിവയ്ക്കായും തുക വകയിരുത്തിയിരുന്നു.

ബഡ്സ് സ്കൂൾ ആവശ്യത്തിനായി ഉപയോഗിച്ച വാഹനത്തിന്റെ വാടകയിനത്തിൽ സുമിത്ത് എന്നയാളിന് നൽകിയ തുകയുടെ (പ്രതിദിനം 800 രൂപ നിരക്കിൽ) വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | മാസം | ദിവസങ്ങളുടെ എണ്ണം | തുക |
|---|---|---|---|
| 282/09.12.21 തുക 41511 | നവംബർ | 16 | 12,800 |
| 352/10.01.22 തുക 45087 | ഡിസംബർ | 24 | 19,200 |
| 410/04.02.22 തുക 33200 | ജനവരി | 14 | 11,200 |
| 481/08.03.22 തുക 39132 | ഫെബ്രുവരി | 17 | 13,600 |

മോട്ടോർ വാഹന വകുപ്പിന്റെ സൈറ്റ് പരിശോധിച്ചതിൽ വാഹനം (മാരുതി ഓമ്നി നമ്പർ-KL01 AS 0746) Black Listed By Varkala SRTO എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ബഡ്സ് സ്കൂളിന്റെ ഹാജർ പുസ്തകം പരിശോധിച്ചതിൽ, 2022 ഫെബ്രുവരി മാസത്തിൽ 21.02.2022 മുതൽ 28.02.2022 വരെ 7 ദിവസം മാത്രമാണ് ബഡ്സ് സ്കൂൾ പ്രവർത്തിച്ചത്(27.02.2022 അവധി). എന്നാൽ 17 ദിവസത്തെ വാടക നൽകിയിട്ടുണ്ട്. കുട്ടികൾക്ക് കോവിഡ് സ്ഥിരീകരിച്ചതിനാൽ സ്കൂൾ അടച്ചിടുകയുണ്ടായെന്നും 07.02.2022 മുതൽ സ്കൂൾ തുറന്ന് പ്രവർത്തിച്ചെങ്കിലും കുട്ടികളാരുംതന്നെ സ്കൂളിൽ വന്നിട്ടുണ്ടായിരുന്നില്ലെന്നും വാഹനം 08.02.2022 മുതൽ വീടുകളിൽ പോകുമായിരുന്നുവെങ്കിലും കുട്ടികളെ രക്ഷിതാക്കൾ വിട്ടിരുന്നില്ലെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 15/ 25.11.2022ന്റെ മറുപടി). സ്കൂൾ പ്രവർത്തിക്കാഞ്ഞ ദിവസങ്ങളിൽ വാഹനം ഉപയോഗിച്ചതിന്റെ വാടക(8000 രൂപ) നല്കിയത് ഉചിതമായ നടപടിയല്ല. ഇപ്രകാരമുള്ള അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 ലാപ് ടോപ്പ് വിതരണത്തിൽ അവ്യക്തത

| | |
|---|---|
| പ്രോജക്ട് നമ്പർ | S0023/22 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| അടങ്കൽ | 6,00,000(വികസനഫണ്ട്) |
| ചെലവ് | 5,71,809 |
| ബിൽ നമ്പർ | 143/25.09.2021 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

പ്രോജക്ട് പ്രൊഫോമ പ്രകാരം 20 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങിനൽകുന്നതിനാണ് തുക വകയിരുത്തിയിരുന്നത്. കെൽട്രോണിന്റെ പ്രൊഫോമ ഇൻവോയ്സ് പ്രകാരം 21 എണ്ണത്തിന് 27,229 രൂപ നിരക്കിൽ 5,71,809 രൂപ കൈമാറി. ഫയലിൽ 22 അപേക്ഷകൾ സൂക്ഷിച്ചിട്ടുണ്ട്. കെൽട്രോണിന്റെ ടാക്സ് ഇൻവോയ്സ് ലഭ്യമല്ല. കെൽട്രോൺ സപ്ലൈ ചെയ്ത ലാപ് ടോപ്പുകളുടെയും വിതരണം ചെയ്തവയുടെയും എണ്ണം വ്യക്തമല്ല.

കെൽട്രോണിൽ നിന്നും 21 ലാപ് ടോപ്പുകളാണ് വാങ്ങിയതെന്നും 21 എണ്ണവും വിതരണം ചെയ്തിട്ടുണ്ടെന്നും ടാക്സ് ഇൻവോയിസ് ഫയലിൽ സൂക്ഷിച്ചിട്ടില്ലായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 16/25.11.2022ന്റെ മറുപടി). കൃത്യമായ കൈപ്പറ്റ് വിവരവും ടാക്സ് ഇൻവോയിസും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സപ്ലൈ, വിതരണം എന്നിവ സംബന്ധിച്ച് വ്യക്തതയില്ല. വിശദമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-41 പാഥേയം - നല്കിയ തുകയ്ക്കുള്ള ഭക്ഷണം വിതരണം ചെയ്തില്ല

തിരുവനന്തപുരം ജില്ലയെ വിശപ്പുരഹിത ജില്ലയാക്കി മാറ്റുന്നതിന് ജില്ലാപഞ്ചായത്തും ചെമ്മരുതി ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണിത്. ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ വകയില്ലാത്ത വൃദ്ധ ജനങ്ങൾക്ക് ഉച്ചഭക്ഷണം നേരിട്ട് വീട്ടിലെത്തിക്കുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0052/22 |
| പ്രോജക്ടിന്റെ പേര് | പാഥേയം ജനറൽ |
| അടങ്കൽ | 1,26,720(വികസനഫണ്ട്) |
| ചെലവ് | 1,26,720 |
| ബിൽ നമ്പർ | 225/08.11.2021 |

| | |
|---|---|
| പ്രോജക്ട് നമ്പർ | S0052/22 |
| പ്രോജക്ടിന്റെ പേര് | പാഥേയം (എസ്.സി.പി) |
| അടങ്കൽ | 4,20,480(വികസനഫണ്ട്) |

| | |
|---|---|
| ചെലവ് | 4,20,480 |
| ബിൽ നമ്പർ | 226/08.11.2021 |

40 രൂപയുള്ള ഒരു പൊതിച്ചോറിന്റെ വിലയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ 16 രൂപ നിരക്കിൽ ജനറൽ പ്രോജക്ടിൽ 22 പേർക്കും എസ്.സി വിഭാഗത്തിൽ 73 പേർക്കുമുള്ള തുക ജില്ലാപഞ്ചായത്തിന് കൈമാറി.

പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിനായി ജില്ലാ പഞ്ചായത്തിൽ കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 21/25.11.2022ന്റെ മറുപടി).

2)കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കിയ ഭക്ഷണ വിതരണ സ്റ്റേറ്റ്മെന്റുകളും ഗുണഭോക്തൃ ലിസ്റ്റും പൊരുത്തപ്പെടാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ 21/25.11.2022) 2021-22ലെ ലിസ്റ്റ് ലഭ്യമാക്കുകയുണ്ടായി. എന്നാൽ, പ്രസ്തുത ലിസ്റ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയില്ല.

3)ജനറൽ വിഭാഗത്തിലെ 22പേർക്കും എസ്.സി വിഭാഗത്തിലെ 73 പേർക്കും ഉൾപ്പെടെ 95 പേർക്ക് 360 ദിവസം 16 രൂപ നിരക്കിൽ ആകെ 5,47,200 രൂപ കൈമാറിയിരുന്നു. എന്നാൽ 95 പേർക്കും ഭക്ഷണം നൽകിയിട്ടില്ല. ജൂലൈ മാസത്തെ വിതരണം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| വിതരണം ചെയ്തത് | വാർഡ് (കരാർ പ്രകാരം) | ഭക്ഷണം കൈപ്പറ്റിയവരുടെ എണ്ണം | | |
|---|---|---|---|---|
| | | എസ്.സി | ജനറൽ | ആകെ |
| സാഫല്യം ക്യാന്റീൻ യൂണിറ്റ് | 13 മുതൽ 16 വരെ | 10 | 4 | 14 |
| ദീപം കാറ്ററിംഗ് | 9 മുതൽ 12 വരെ | 12 | 3 | 15 |
| സമൃദ്ധി കാറ്ററിംഗ് | 5 മുതൽ 8 വരെ | 8 | 8 | 16 |
| സഫലം ക്യാന്റീൻ യൂണിറ്റ് | 1 മുതൽ 4 വരെ | വ്യക്തമല്ല | വ്യക്തമല്ല | 18 |
| ഭാനുശ്രീ ഹോം മെയിഡ് ഫുഡ്സ് | 16 മുതൽ 19 വരെ | 8 | 10 | 18 |
| ആകെ | | | | 81 |

(യൂണിറ്റുകളുടെ കരാർ ഉടമ്പടി പ്രകാരം ഭാനുശ്രീ, സാഫല്യം എന്നീ രണ്ട് യൂണിറ്റുകളും 16-ാം വാർഡിൽ ഭക്ഷണം വിതരണം ചെയ്യാനായി കരാർ വച്ചിട്ടുണ്ട്).

ഗുണഭോക്താക്കൾ മരണപ്പെട്ടതിനാലാണ് 81 പേർക്ക് മാത്രമായി തുക വിനിയോഗിച്ചുവരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്.

മരണപ്പെട്ടവരെ ഒഴിവാക്കി അർഹരായ പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്താത്തതിനാൽ 80,640 രൂപ (14x16x360) കുടുംബശ്രീയുടെ കൈവശം അധികമായുണ്ട്.

തുടർ നടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-42 വിദ്യാർത്ഥികൾക്ക് മേശയും കസേരയും - അധിക തുക നൽകി- വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല - 2,30,888 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0043/22 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| അടങ്കൽ | 3,47,490(വികസനഫണ്ട്) |
| ചെലവ് | 2,30,888 |

| | |
|---|---|
| ബിൽ നമ്പർ | 430/14.02.2022 |

മേശയും കസേരയും വാങ്ങുന്നതിനായി ടെൻ്റർ ക്ഷണിച്ച് എറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത പ്ലാസ എൻ്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും മേശയും കസേരയും വാങ്ങി. ബിൽ തുകയിൽ 2,26,974 രൂപ ഏജൻസിക്ക് നൽകിയതും 3914 രൂപ ജി.എസ്.ടിയുമാണ്.

ഏജൻസിയുടെ ഇൻവോയിസിൻ്റെ (നമ്പർ 283/20.01.2022)വിശദാംശം ചുവടെ ചേർക്കുന്നു.

മേശ 60 എണ്ണം 2893 രൂപ നിരക്കിൽ 1,73,580

കസേര 60 എണ്ണം 1148 രൂപ നിരക്കിൽ 68,880

ആകെ 2,42,460

ഇപ്രകാരം തുകയിൽ വ്യത്യാസം വന്നതിന് വിശദീകരണവും, ലഭ്യമായ മേശ, കസേര എന്നിവയുടെ എണ്ണം, വിതരണം ചെയ്തവയുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നമ്പർ 17/25.11.2022) നൽകിയതിന്, 54 മേശയുടെയും 60 കസേരയുടെയും തുകയാണ് മാറി നൽകിയതെന്നും 2,25,102 രൂപ നൽകുന്നതിന് പകരം കണക്ക് കൂട്ടിയതിലെ തെറ്റ് മൂലം 2,26,974 രൂപ നൽകിയെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് 2022-23വർഷത്തിൽ സ്പിൽ ഓവറായി തുടരുകയും സ്ഥാപനം വിതരണം ചെയ്യാനവശേഷിച്ച മേശയും കസേരയും സപ്ലൈ ചെയ്തതായും തുക സ്ഥാപനത്തിന് നൽകിയിട്ടില്ലെന്നും അധികമായിനൽകിയ 1872 രൂപ കഴിച്ചുള്ള തുക മാത്രമേ നൽകുകയുള്ളൂവെന്നും വിശദീകരിച്ചിട്ടുണ്ട്.

ഇപ്രകാരം അധിക തുകനൽകിയതിനാലും പ്രസ്തുത തുക ക്രമീകരിക്കേണ്ടതിനാലും വ്യക്തമായ വിതരണ വിവരങ്ങൾ ഇല്ലാത്തതിനാലും 2,30,888 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അധികമായി നൽകിയ തുക ക്രമീകരിച്ചും വ്യക്തമായ വിതരണ വിവരങ്ങൾ ലഭ്യമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-43 ബയോഫ്ലോക്ക് മത്സ്യകൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 59/22 |
| പ്രോജക്ട് പേര് | ബയോഫ്ലോക്ക് മത്സ്യകൃഷി |
| അടങ്കൽ തുക | 552000 (വി.ഫ. - 40765, ഗുണഭോക്തൃവിഹിതം- 372600) |
| ബിൽ നമ്പർ | 387/25.01.22 – 31540/-<br>510/17.03.22 - 9225/- |
| നിർവ്വഹണം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |

സുലേഖ ചെലവു പത്രിക പരിശോധിച്ചതിൽ പ്രസ്തുത പ്രോജക്ട് പ്രകാരം 31540 രൂപ ശ്രീമതി വസന്തകുമാരി , പനയൻചേരി വീട് എന്നയാൾക്കും 9225 രൂപ ശ്രീമതി പദ്മജ, മഹാനാഗ്, പിച്ചകശ്ശേരി എന്നയാൾക്കും 2021- 22 കാലയളവിൽ നൽകിയിട്ടുണ്ട്.

A ) പ്രോജക്ട് പ്രകാരം മത്സ്യബന്ധന വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗിന് വിധേയമാക്കേണ്ട ഘട്ടങ്ങൾ താഴെ പറയുന്നവയാണ്.

1) അടിസ്ഥാന സൗകര്യവികസനം - വിത്ത് നിക്ഷേപിക്കുന്നതിന് മുൻപ്

2) മത്സ്യ കൃഷി കാലയളവ് - മത്സ്യവളർച്ച .

3) മത്സ്യ വിളവെടുപ്പ് - മത്സ്യലഭ്യത .

മേൽ പരാമർശിച്ച ഘട്ടങ്ങൾ മോണിറ്ററിംഗിന് വിധേയമാക്കിയതിൻ്റ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

B) ഫിഷറീസ് വകുപ്പിൽ നിന്നുള്ള വിഹിതം ലഭിച്ചതിൻ്റെയും ചെലവഴിച്ചതിൻ്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.

C) 14.2.2018 ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ സബ്സിഡി മാർഗരേഖയിൽ മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിൻ്റെ

ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 52/29.11.2022), നിർവ്വഹണോദ്യോഗസ്ഥ എന്ന നിലയിൽ പദ്ധതി പ്രവർത്തനങ്ങൾ ഓരോ ഘട്ടത്തിലും മോണിട്ടറിംഗ് നടത്തിയിട്ടുണ്ട് എന്ന് അറിയിച്ചുവെങ്കിലും ഇതു സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഫിഷറീസ് വകുപ്പിൽ നിന്നുള്ള വിഹിതം സാക്ഷ്യപത്രം നൽകുന്ന മുറയ്ക്ക് ഫിഷറീസ് ഓഫീസ് മുഖേനയാണ് നിലവിൽ അനുവദിക്കുന്നതെന്ന് മറുപടി നൽകിയത്. എന്നാൽ ഫിഷറീസ് വകുപ്പിൽ നിന്നുള്ള വിഹിതം ലഭ്യമാക്കിയതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മത്സ്യകൃഷിയെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും ഇതു സംബന്ധിച്ച് തുടർ ഉത്തരവുകളൊന്നും സർക്കാരിൽ നിന്ന് ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥ നൽകിയത്. 14.2.2018 ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ സബ്സിഡി മാർഗരേഖയിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുള്ളതാണ്. ഭാവിയിൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അക്കൗണ്ടിംഗിലെ അപാകം

സുലേഖ ചെലവു പത്രിക പരിശോധിച്ചതിൽ പ്രസ്തുത പ്രോജക്ട് പ്രകാരം 40765 രൂപ മാത്രമാണ് ആകെ ചെലവ്. 31540 രൂപ - ശ്രീമതി വസന്തകുമാരി , പനയൻചേരി വീട് , 9225 രൂപ- ശ്രീമതി പദ്മജ, മഹാനാഗ്, പിച്ചകശ്ശേരി എന്നയാൾക്കും നൽകിയതിന്റെ ചെലവാണ്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയ ഫയൽ പ്രകാരം 17.03.2022 ൽ മറ്റൊരു ബിൽ കൂടി സമർപ്പിച്ചിരുന്നു. പ്രസ്തുത ബിൽ പ്രകാരം 45551 (41091+4460) രൂപയുടെ ബിൽ ആണ് ട്രഷറിയിൽ സമർപ്പിച്ചത്. ശ്രീമതി പദ്മജയുടെ ബാങ്ക് പാസ്സ് ബുക്ക് (SBT കല്ലമ്പലം ശാഖ- 67248679106) പരിശോധിച്ചപ്പോൾ 17.03.2022 ൽ പ്രസ്തുത പദ്ധതി പ്രകാരം 41091/- രൂപയും അതേ ദിവസം തന്നെ 9225/- രൂപയും മാറി നൽകിയതായി കാണുന്നു. ശ്രീമതി വസന്തകുമാരിക്കും പ്രസ്തുത തീയതിയിൽ 4460/- രൂപ മാറി നല്കിയിട്ടുണ്ട്. ടിയാളുടെ ബാങ്ക് പാസ്സ് ബുക്ക് (കേരള ഗ്രാമീൺ ബാങ്ക് കല്ലമ്പലം ശാഖ- 40352101081589) പരിശോധനയ്ക്ക് ഹാജരാക്കിയതിൽ 4460/- രൂപ 17.03.2022 ൽ അക്കൗണ്ടിൽ ക്രഡിറ്റ് വന്നിട്ടുണ്ട്. എന്നാൽ സുലേഖ ചെലവു പത്രിക, വെബ് സാംഖ്യ എന്നിവ പ്രകാരം ശ്രീമതി പദ്മജയ്ക്ക് 2021- 22 കാലയളവിൽ 9225 രൂപയുടെ ചെലവ് മാത്രമാണ് കാണിച്ചിട്ടുള്ളത്. 17.03.2022 ൽ സമർപ്പിച്ച 45551 (41091+4460) രൂപയുടെ ബില്ലിന്റെ നിലവിലെ വെബ് സാംഖ്യ സ്റ്റാറ്റസ് പരിശോധിച്ചതിൽ "Cancelled By Treasury" എന്നാണ് കാണുന്നത്. എന്നാൽ ബിൽ പാസായി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് വന്നതായി ബാങ്ക് പാസ്സ് ബുക്ക് രേഖകളിൽ കാണുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (69/30.11.2022) ഗ്രാമ പഞ്ചായത്തിൽ നിന്നും ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി ലഭ്യമാക്കിയെങ്കിലും പ്രസ്തുത ന്യൂനത എങ്ങനെ സംഭവിച്ചുവെന്ന് വിശദീകരിച്ചിട്ടില്ല. ഇപ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തി ട്രഷറിയുമായി ബന്ധപ്പെട്ട് പരിഹരിച്ച് വിശദ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-44 വീട്ടുവളപ്പിലെ മത്സ്യ കൃഷി- നിർവ്വഹണത്തിലെ അപാകങ്ങൾ

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 61/22 |
| പ്രോജക്ട് പേര് | വീട്ടുവളപ്പിൽ മത്സ്യകൃഷി |
| അടങ്കൽ തുക | 492000 (വി.ഫ. - 103600, ഗുണഭോക്തൃവിഹിതം- 390240) |
| ബിൽ നമ്പർ | 460/23.02.21 – 66000 |
| നിർവ്വഹണം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | S O 158/22 |
| പ്രോജക്ട് പേര് | വീട്ടുവളപ്പിൽ മത്സ്യകൃഷി |
| അടങ്കൽ തുക | 492000 (വി.ഫ. - 103600, ഗുണഭോക്തൃവിഹിതം- 585360) |
| ബിൽ നമ്പർ | 512/17.03.22 – 6520 /-<br>220/05.11.21 – 24636/-<br>386/25.01.22 15200/- |
| നിർവ്വഹണം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |

ക്രമ നമ്പർ(1) പദ്ധതി പ്രകാരം 3 പേർക്കായി ആകെ 66000രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. ക്രമ നമ്പർ(2) പദ്ധതി പ്രകാരം 2 പേർക്കായി ആകെ 39836/- രൂപയുടെ ആനുകൂല്യം നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

A ) പ്രോജക്ട് പ്രകാരം മത്സ്യബന്ധന വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗിന് വിധേയമാക്കേണ്ട ഘട്ടങ്ങൾ താഴെ പറയുന്നവയാണ്.

1) അടിസ്ഥാന സൗകര്യവികസനം - വിത്ത് നിക്ഷേപിക്കുന്നതിന് മുൻപ്

2) മത്സ്യ കൃഷി കാലയളവ് - മത്സ്യവളർച്ച .

3) മത്സ്യ വിളവെടുപ്പ് - മത്സ്യലഭ്യത .

മേൽ പരാമർശിച്ച ഘട്ടങ്ങൾ മോണിറ്ററിംഗിന് വിധേയമാക്കിയതിന്റ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

B) ഫിഷറീസ് വകുപ്പിൽ നിന്നുള്ള വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.

C) മത്സ്യ കുഞ്ഞുങ്ങളെ വാങ്ങിയതിന്റെയും തീറ്റ വാങ്ങിയതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.

D) 14.2.2018 ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ സബ്സിഡി മാർഗരേഖയിൽ മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ (നമ്പർ - 53/29.11.22) മറുപടിയിൽ പദ്ധതി നിർവ്വഹണോദ്യോഗസ്ഥ എന്ന നിലയിൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ഓരോ ഘട്ടത്തിലും മോണിറ്ററിംഗിന് വിധേയമാക്കിയിട്ടുണ്ടെന്നും പ്രോജക്ട് പ്രകാരം വർക്കിംഗ് ഗ്രൂപ്പ്

അംഗങ്ങളുമായി മോണിട്ടറിംഗ് നടത്തുന്നത് നിലവിലെ സാഹചര്യത്തിൽ പ്രയാസമാണ് എന്നുമാണ്

അറിയിച്ചത്. പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയുകയില്ല. സർക്കാർ നിർദ്ദേശ പ്രകാരം മോണിട്ടറിംഗ് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഫിഷറീസ് വകുപ്പിൽ നിന്നുള്ള സബ്സിഡി സാക്ഷ്യ പത്രം നൽകുന്ന മുറയ്ക്ക് ജില്ലാ ഫിഷറീസ് ഓഫീസിൽ നിന്നും നേരിട്ടാണ് നിലവിൽ അനുവദിച്ചുവരുന്നത് എന്നും ഫിഷറീസ് വകുപ്പിൽ നിന്നും ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിന്റെ രേഖകൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മത്സ്യകൃഷിയെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും ഇതു സംബന്ധിച്ച് തുടർ ഉത്തരവുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചത്. 14.2.2018 ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ സബ്സിഡി മാർഗരേഖയിൽ മത്സ്യകൃഷിയെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്ന് സൂചിപ്പിച്ചിട്ടുള്ളതാണ്. ഭാവിയിൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ഇത്തരം അപാകങ്ങൾ

ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-45 വിവിധ വാർഡുകളിൽ മിനി എം.സി.എഫ്. സ്ഥാപിക്കൽ - പദ്ധതി പൂർണ്ണമായും മാറ്റം വരുത്തി നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് | വിവിധ വാർഡുകളിൽ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ (160/22) |
| അടങ്കൽ തുക | 1150000/- ( കേന്ദ്രാവിഷ്കൃത ഫണ്ട് ) |
| ചെലവ് തുക | 11021146/- |
| ബിൽ തുക | 558778/- (2021-22) |
| ചെക്ക് നമ്പർ | 5670385/26.10.2021 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ 17വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. എന്നാൽ പദ്ധതിയിൽ പൂർണ്ണമായും മാറ്റം വരുത്തി ഒരു വാർഡിൽ (ചാവർകോട്) എം.സി.എഫ്. സ്ഥാപിക്കുകയാണുണ്ടായത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയിറിക്ക് (നമ്പർ 64/30.11.2022) ലഭ്യമാക്കിയ മറുപടിയിൽ PWD റോഡ് സൈഡിലും വിവിധ കേന്ദ്രങ്ങളിലുമെല്ലാം മിനി എം.സി.എഫ് സ്ഥാപിക്കുന്നതിന് അനുമതിക്കായി സമർപ്പിച്ചിരുന്നെങ്കിലും അനുകൂല നിലപാട് ലഭിച്ചില്ല എന്നും പ്രാദേശികമായ എതിർപ്പ് കാരണവും നിലവിലെ എം.സി.എഫ്. നിറഞ്ഞുകവിഞ്ഞതിനാലുമാണ് ജനറൽകമ്മിറ്റി തീരുമാനപ്രകാരം പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി എം.സി.എഫ്. സ്ഥാപിക്കാൻ തീരുമാനിച്ചത് എന്ന് മറുപടി നൽകിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയുകയില്ല. പദ്ധതി സംബന്ധിച്ച് ശരിയായ ഒരു സാധ്യതാ പഠനം നടത്താത്തതുകാരണമാണ് പദ്ധതിയിൽ മാറ്റം വരുത്തേണ്ടി വന്നത്. കൂടാതെ എസ്റ്റിമേറ്റ് പുതുക്കി പ്രോജക്ടിൽ പൂർണ്ണമായും മാറ്റം വരുത്തിയ സാഹചര്യത്തിൽ പ്രോജക്ട് റീ ടെണ്ടർ ചെയ്ത് നടപ്പാക്കേണ്ടതായിരുന്നു. ഭാവിയിൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ഇപ്രകാരമുള്ള ന്യൂനതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-46 ഖരമാലിന്യ പരിപാലനം - ആക്ഷൻ പ്ലാൻ നടപ്പാക്കേണ്ടതാണ്.

31.08.21 ലെ ഭരണ സമിതി തീരുമാനം 2(1) പ്രകാരം ഖരമാലിന്യ പരിപാലനത്തിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കി ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തിരുന്നു. ഇതു സംബന്ധിച്ച തീരുമാനങ്ങൽ നടപ്പാക്കിയതു സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11/24.11.2022) ലഭ്യമാക്കിയ മറുപടിയിൽ ഭരണ സമിതി തീരുമാനം ഭാഗ്കമായി നടപ്പാക്കിയിട്ടുണ്ട് എന്നു കാണുന്നു. ഭരണ സമിതി തീരുമാനവും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടിയും ചുവടെ ചേർക്കുന്നു.

1. ചെമ്മരുതി ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും D2D (Door To Door) കവറേജ് വികസിപ്പിക്കുന്നതിനും എം.സി.എഫുകളിലേക്ക് വരുന്ന അജൈവമാലിന്യത്തിന്റെയും (Non-biodegradable Waste) ആർ.ആർ.എഫുകളിൽ നിന്നും പുറത്തേക്ക് പോകുന്ന അജൈവമാലിന്യത്തിന്റെയും അളവ് തിട്ടപ്പെടുത്തുന്നതിനായി തൂക്കം അളക്കുന്നതിനുള്ള സംവിധാനം (Weighing Machine) അടിയന്തിരമായി ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചു.എം.സി.എഫുകളിലേക്ക് വരുന്ന മാലിന്യത്തിന്റെയും ആർ.ആർ.എഫുകളിൽ നിന്നും പുറത്തേക്ക് പോകുന്ന മാലിന്യത്തിന്റെയും അളവ് രേഖപ്പെടുത്തുന്നതിനായി വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ (Waste Quantification Register) എം.സി.എഫുകളിലും ആർ.ആർ.എഫുകളിലും സൂക്ഷിക്കുന്നതിനും പ്രസ്തുത രജിസ്റ്റർ ദിനംപ്രതി പരിശോധിച്ച് ആധികാരികമാക്കുന്നതിന് വി.ഇ.ഒ സർക്കിൾ 1, വി.ഇ.ഒ സർക്കിൾ 2 എന്നിവരെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിരുന്നു.

ഗ്രാമ പഞ്ചായത്തിൽ വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ ഏഴുതി സൂക്ഷിക്കുന്നുണ്ട്.

2. അജൈവമാലിന്യം കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുമായോ ക്ലീൻ കേരള കമ്പനി നൽകുന്ന തുകയേക്കാൾ അധികം തുക നൽകാൻ തയ്യാറുള്ള സ്വകാര്യസ്ഥാപനങ്ങളുണ്ടെങ്കിൽ ആ സ്ഥാപനങ്ങളുമായോ കരാറിൽ ഏർപ്പെടുന്നതിനും മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ മാത്രം അപ്രകാരമുള്ള സ്വകാര്യസ്ഥാപന ങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിനും പ്രസ്തുത കരാർ പ്രകാരം ക്ലീൻ കേരള കമ്പനിക്കോ സ്വകാര്യസ്ഥാപനങ്ങൾക്കോ കൈമാറുന്ന മാലിന്യത്തിന്റെ അളവ് വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്ററിൽ എല്ലാ മാസവും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും തീരുമാനിച്ചു.

ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

3. ലെഗസിമാലിന്യങ്ങൽ കുമിഞ്ഞുകൂടിക്കിടക്കുന്ന സൈറ്റുകൾ (Legacywaste Sites) എത്രയും വേഗം വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഇപ്രകാരം നിർമ്മാർജ്ജനം ചെയ്യേണ്ട മാലിന്യത്തിന്റെ

അളവ് ശാസ്ത്രീയമായി നിർണയിക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ബയോമൈനിംഗ് രീതിയിൽ മാലിന്യനിർമ്മാർജ്ജനത്തിനായുള്ള പരിഹാരം കാണുന്നതിനും തീരുമാനിച്ചു.

ലെഗസിമാലിന്യങ്ങൽ കുമിഞ്ഞുകൂടിക്കിടക്കുന്ന സൈറ്റുകൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഇല്ല എന്ന് അറിയിച്ചു.

3. ഹോട്ടലുകൾ, അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ, ആഡിറ്റോറിയങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള വലിയ തോതിലുള്ള ജൈവ മാലിന്യം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അവ ഉറവിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുന്നുവെന്നോ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാൻ ക്ഷമതയുള്ളതായി പ്രാദേശിക സർക്കാരിന്റെ സർട്ടിഫിക്കേഷനുള്ള സ്ഥാപനം മുഖേന സംസ്കരിക്കുന്നുവെന്നോ ഉറപ്പുവരുത്തുന്നതിനും തീരുമാനിച്ചു.

ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല.

4. ആർ.ആർ.എഫുകളും എം.സി.എഫുകളും ആവശ്യമുള്ളയിടങ്ങളിലെല്ലാം സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും വേണ്ടി മുൻഗണനയനുസരിച്ച് 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി രൂപീകരിക്കുന്നതിനും നിർവഹണം നടത്തുന്നതിനും തീരുമാനിച്ചു. അനുബന്ധമായി ചേർക്കുന്ന പ്രകാരമുള്ള ആക്ഷൻ പ്ലാൻ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

ഗ്രാമ പഞ്ചായത്തിൽ 2 എം.സി.എഫുകളും 8 മിനി എം.സി.എഫുകളും സ്ഥാപിച്ചിട്ടുണ്ട് എന്ന് അറിയിച്ചു.

5. മേൽപ്പറഞ്ഞ പ്രകാരമുള്ള മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളും തുടർ പ്രവർത്തനങ്ങളും യഥാവിധി നടപ്പിൽ വരുത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ തിങ്കളാഴ്ചയും രാവിലെ 11 മണിക്ക് ഒരു വേസ്റ്റ് മാനേജ്മെന്റ് റിവ്യൂ മീറ്റിംഗ് വിളിച്ചു ചേർക്കുന്നതിനും ടി പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല.

ആക്ഷൻ പ്ലാൻ പ്രകാരമുള്ള തീരുമാനങ്ങൾ നടപ്പാക്കേണ്ടതും ഇതു സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-48 ഭൂമി കൈയ്യേറ്റം - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ചെമ്മരുതി വില്ലേജിൽ ബ്ലോക്ക് 21-ൽ റീസർവെ 487/2, 491/9-ൽ പെട്ട പുറമ്പോക്ക് ഭൂമി കയ്യേറിയ വ്യക്തിക്കെതിരെ എൽ.സി കേസ് രജിസ്റ്റർ ചെയ്ത് കയ്യേറ്റം ഒഴിപ്പിക്കണമെന്ന് വർക്കല തഹസിൽദാരുടെ (ഭൂരേഖ) 08/07/2021 ലെ കെ.3/9830/2021 നമ്പർ കത്ത് 06.09.21 ജനറൽ കമ്മിറ്റി ചർച്ച ചെയ്തു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ റി സർവെ നമ്പർ 487/2, 491/9-ൽ പെട്ട 3.7 ആർ ഭൂമി റവന്യൂ പുറമ്പോക്ക് ആണ് എന്നും ഇതിനോട് ചേർന്ന് പഞ്ചായത്ത് റോഡോ ചെമ്മരുതി ഗ്രാമപഞ്ചായത്തിൻറേതായി മറ്റ് ആസ്തികളോ നിലവിലില്ല എന്നും കമ്മറ്റി നിരീക്ഷിച്ചു. ടി പുറമ്പോക്ക് ഭൂമി റവന്യൂ ഭൂമി ആയതിനാൽ നിലവിലുള്ള കയ്യേറ്റം ഒഴിപ്പിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ അധികൃതരോട് അഭ്യർത്ഥിച്ചും യോഗം ഐകകണ്ഠേനെ തീരുമാനിച്ചു(തീരുമാനം 13(7)) . ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/24.11.2022) ലഭ്യമാക്കിയ മറുപടിയിൽ വർക്കല തഹസിൽദാർക്ക് പ്രസ്തുത വിഷയം സംബന്ധിച്ച് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചത്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-49 ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ചെമ്മരുതി ഗ്രാമപഞ്ചായത്തിൻറെ അധീനതയിൽ പ്രവർത്തിച്ചുവരുന്ന ശ്രീനിവാസപുരം ഗവ.ഹോമിയോ ഡിസ്പൻസറി വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത് ഈ ഹോമിയോ ആശുപത്രിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി 11.02.2022 ലെ ഭരണസമിതി തീരുമാന (2/15) പ്രകാരം, ചെമ്മരുതി വില്ലേജിൽ ബ്ലോക്ക് നമ്പർ 20 ൽ റീസർവ്വെ 183/12 ൽ ഉൾപ്പെട്ട 10 സെൻറ് ഭൂമി വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് സെക്രട്ടറിയുടെ പേരിൽ ആധാരം ചെയ്തിട്ടുള്ളതാണെന്നും ആയുഷ് ഡിപ്പാർട്ട്മെന്റ് മുഖേനെ കെട്ടിട നിർമ്മാണം ഏറ്റെടുക്കുന്നതിന് അഭ്യർത്ഥിക്കുന്നതാണ് എന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/24.11.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച് വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-50 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള

നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ചെമ്മരുതി ഗ്രാമ പഞ്ചായത്തിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 40/28.11.2022) ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

### 1-51 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/28.11.2022) ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ചിട്ടില്ല എന്നും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഇല്ല

-

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്നേഹസ്പർശം- സ്കോളർഷിപ്പും ബത്തയും - പരിധിയിൽ അധികരിച്ച് ആനുകൂല്യം അനുവദിച്ചു - 10500/- രൂപ തിരികെ ഈടാക്കണം.

| | |
|---|---|
| പ്രോജക്ട് നമ്പർ | S005/21-22 |
| പ്രോജക്ടിന്റെ പേര് | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ<br>നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും |
| അടങ്കൽ | 1653000/-<br>(വികസന ഫണ്ട്-ജനറൽ 826500/-,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 413250/-,<br>ജില്ലാ പഞ്ചായത്ത് വിഹിതം 413250/-) |
| ചെലവ് | 1512800/- (വികസന ഫണ്ട്-ജനറൽ 826500/-,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 299250/-,<br>ജില്ലാ പഞ്ചായത്ത് വിഹിതം 387050/-) |
| ബിൽ നമ്പർ / സാങ്ഷൻ ഓർഡർ നമ്പർ | 119/06.09.2021 തുക 175000/-<br>182/14.10.2021 തുക 126000/-<br>183/15.10.2021 തുക 21000/-<br>181/14.10.21 തുക 70000/-<br>200/25.10.2021 തുക 8500/-<br>198/25.10.21 തുക 114000/-<br>216/02.11.2021 തുക 6000/-<br>321/22.12,2021 തുക 230300/-<br>322/22.12.2021 തുക 160875/-<br>341/04.01.2022 തുക 71085/- |

| | |
|---|---|
| | 347/05.01.2022 തുക 35875/-<br>419/10.02.2022 തുക 194615/-<br>420/10.02.2022 തുക 26500/-<br>473/ 06.03.2022 തുക 273050/- |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രയ്ക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പ്രതിവർഷം 28500/- രൂപ അനുവദിക്കാവുന്നതാണ്. ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾക്ക് പരിധിയിൽ അധികരിച്ച് തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | അക്കൌണ്ട് നമ്പർ | ഐ.എഫ്.എസ്.സി കോഡ് | ബിൽ നം./ അനുവദിച്ച തുക | ആകെ അനുവദിച്ച തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | ഹരി.ജി | 67203103634 | SBIN0070048 | 119/06.09.2021 – 5000/-<br>182/14.10.2021 – 3500/-<br>181/14.10.21 - 2000/-<br>198/25.10.21 – 3000/-<br>341/04.01.2022 – 6875/-<br>347/05.01.2022 – 5125/-<br>419/10.02.2022 – 2000/-<br>473/06.03.2022 - 6125/- | 33625/- | 5125/- |
| 2 | അമൽ ഷൈൻ | 32705425494 | SBIN0070221 | 119/06.09.2021 – 5000/-<br>182/14.10.2021 – 3500/-<br>181/14.10.21 - 2000/-<br>198/25.10.21 – 3000/-<br>341/04.01.2022 – 6875/-<br>347/05.01.2022 – 5125/-<br>419/10.02.2022 – 2000/-<br>473/ 06.03.2022 - 6125/- | 33625/- | 5125/- |
| 3 | പ്രണവ് പി | 67267074856 | SBIN0070221 | 119/06.09.2021 – 5000/-<br>182/14.10.2021 – 3500/-<br>181/14.10.21 - 2000/-<br>198/25.10.21 – 3000/-<br>321/22.12,2021 - 2750/-<br>322/22.12.2021 - 3125/-<br>419/10.02.2022 - 3000/-<br>420/10.02.2022 - 1125/-<br>473/ 06.03.2022 - 5125/- | 28625/- | 125/- |
| 4 | ശ്യാംകുമാർ.എസ് | 67173627538 | SBIN0070221 | 119/06.09.2021 – 5000/-<br>182/14.10.2021 – 3500/-<br>181/14.10.21 - 2000/-<br>198/25.10.21 – 3000/-<br>321/22.12,2021 - 2750/-<br>322/22.12.2021 - 3125/-<br>419/10.02.2022 - 3000/-<br>420/10.02.2022 - 1125/-<br>473/ 06.03.2022 - 5125/- | 28625/- | 125/- |

അധികമായി സ്കോളർഷിപ്പ് തുക നൽകിയത് തന്റെ ഭാഗത്തെ വീഴ്ചയാണെന്നും ആയത് മാപ്പാക്കണമെന്നും നിർവഹണ

ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 18/25.11.2022 ന് മറുപടി) . അവശവിഭാഗങ്ങൾക്കായി സർക്കാർ മറ്റ് ഏജൻസികൾ എന്നിവയിൽ നിന്ന് ലഭ്യമാകുന്ന തുകകൾ കൃത്യമായി അർഹരായ ഗുണഭോക്താക്കൾക്കും ലഭിക്കുന്നുണ്ടെന്നും അർഹമായ തുക ചെലവാകുന്നില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. അപാകം ഭാവിയിൽ ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | തരിശ്-ഇടവിളകൃഷി | 16000 |
| | നെൽകൃഷി -തരിശ് | 129670 |
| | കേദാരം | 818788 |
| | സാന്ത്വന ചികിത്സ | 200000 |
| | ലൈഫ് മിഷൻ - ജനറൽ(SO) | 1000000 |
| | ലൈഫ് മിഷൻ – എസ്.സി.പി(SO) | 1000000 |
| | ലൈഫ് മിഷൻ – ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ)(SO) | 200000 |
| | അങ്കണവാടി പോഷകാഹാര വിതരണം (ജനറൽ) | 100000 |
| | സ്നേഹസ്പർശം-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പും ബത്തയും | 299250 |
| | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി | 400000 |
| ആകെ | | 41,63,708 |
| ജില്ല പഞ്ചായത്ത് | കേദാരം | 705058 |

| | | |
|---|---|---|
| | സ്നേഹസ്പർശം-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പും ബത്തയും | 387050 |
| | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി | 400000 |
| ആകെ | | 14,92,108 |

| | 2020-21 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP – 7, RP – 30 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കി യിരിപ്പ് | 2021-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 35200 | 1492108 | 1524608 | 1492108 | 32500 | 35200 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1146404 | 4163708 | 5310112 | 4163708 | 1146404 | 1146404 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബിക്ക് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രോജക്ടിന്റെ പേര് | തൻ വർഷം ചെലവഴിച്ച തുക |
|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും | 2261417 |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 92587 |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - രണ്ടാംഘട്ടം | 31630 |
| ആകെ | | 2385634 |

നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | 2020-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം (RP49 പ്രകാരം) | ആകെ | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 5092025 | 0 | 5092025 | 820453 |
| കെ.എസ്.ഇ.ബി | 3294104 | 31630 | 3325734 | 5679738 |

മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാളയംകുന്ന് സബ് സെന്ററിന് കുടിവെള്ള കണക്ഷൻ(നമ്പർ 120/22) എന്ന പ്രോജക്ടിനായി 99,600 രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ, RP 49 പ്രകാരം നിക്ഷേപം 0ആണ്.

വാട്ടർ അതോറിറ്റിയിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകയിൽ രണ്ട് പ്രാവശ്യമായി 10,27,887രൂപയും 24,240 രൂപയും തിരികെ ലഭിച്ചുവെന്നും 32,19,445 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 25/26.11.2022ന്റെ മറുപടി).

വിവിധ പ്രോജക്ടുകൾ പ്രകാരം 2385634 രൂപ കെ.എസ്.ഇ.ബിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ, RP 49 പ്രകാരം നിക്ഷേപം 31630 രൂപയാണ്.

കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക(പ്രോജക്ട് നമ്പർ 222/22 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ – രണ്ടാംഘട്ടം)ട്രഷറിയിൽ നിന്നും നേരിട്ട് ചെലവായതിനാൽ ആർ.പിയിൽ പ്രതിഫലിക്കുകയും എന്നാൽ, ഫിനാൻസ് കമ്മീഷന്റെ പി.എഫ്.എം.എസ് വഴി പേയ്മെന്റ് രേഖപ്പെടുത്തിയ തുക ഐ.എൽ.ജി.എം.എസ്-ൽ ജേണൽ വൌച്ചർ മുഖേനയാണ് 460500202 എന്ന ഹെഡിൽ രേഖപ്പെടുത്തുന്നതെന്നും അറിയിച്ചിട്ടുണ്ട്.

നമ്പർ 120/22 പ്രോജക്ടിനുവേണ്ടി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 99,600 രൂപയുടെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ 45/29.11.2022)

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 6715584 | 17493970 | 4312001 | - | 19897553 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2017-18 | 4(എ) | ആസ്തി രജിസ്റ്റർ പൂർണവും കാലികവുമല്ല | പഞ്ചായത്ത് ഭരണ സമിതി |

| | | | |
|---|---|---|---|
| 2017-18 | 4(ബി) | രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഒരേ റോഡ് ഉൾപ്പെടുത്തിയിരിക്കുന്നു. | തീരുമാനപ്രകാരം മറുപടി നൽകിയിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 4,01,39,814 |
| ഓഡിറ്റ് വർഷത്തെ വരവ് | 11,55,00,871 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 11,89,40,020 |
| നീക്കിയിരിപ്പ് | 3,67,00,665 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 93,09,244 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 505814 | ശ്രീ. അജിത്ത് കുമാർ.സി, സെക്രട്ടറി |
| 1-19 | 328910 | ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി(21600)<br>ശ്രീ. അജിത്ത് കുമാർ.സി, സെക്രട്ടറി(307310) |
| 1-21 | 51812 | ശ്രീ. അജിത്ത് കുമാർ.സി, സെക്രട്ടറി |
| 1-23 | 2894186 | ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി(1179721)<br>ശ്രീ. അജിത്ത് കുമാർ.സി, സെക്രട്ടറി(1714465) |
| 1-26 | 3185634 | ശ്രീ. അജിത്ത് കുമാർ.സി, സെക്രട്ടറി |
| 1-27 | 1980000 | ശ്രീ. പ്രവീൺ.എം.,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ1 |
| 1-35-1 | 132000 | ശ്രീ. ഹിഷാം.എ., വെറ്റിനറി സർജൻ |

| | | |
|---|---|---|
| 1-42 | 230888 | ശ്രീ. കിരൺചന്ദ്.എസ്.ഡി., അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 93,09,244 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അജിത്ത് കുമാർ.സി, സെക്രട്ടറി | വിരമിച്ചു | സരോവരം, തകരപ്പറമ്പ്, മടവൂർ.പി.ഒ. |
| ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി | ലഭ്യമല്ല | കടകമ്പള്ളിൽ ഹൌസ്, CNRA 137A1 ചാത്തിയോട്, നാലാഞ്ചിറ തിരുവനന്തപുരം15 |
| ശ്രീ. പ്രവീൺ.എം., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ1 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെമ്മരുതി ഗ്രാമ പഞ്ചായത്ത് | പ്രവീൺ നിവാസ്, കാവുവിള, പോത്തൻകോട്.പി.ഒ. |
| ശ്രീ. ഹിഷാം.എ., വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, ചെമ്മരുതി ഗ്രാമ പഞ്ചായത്ത് | അസ്ഹർ, നാഗരുകുഴി, പാലാംകോണം.പി.ഒ. , വെഞ്ഞാറമൂട് |
| ശ്രീ. കിരൺചന്ദ്.എസ്.ഡി., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ചെമ്മരുതി ഗ്രാമ പഞ്ചായത്ത് | രാജകി മന്ദിരം, കടകം.പി.ഒ., ശാർക്കര, ചിറയിൻകീഴ്. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 8 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 2 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 1 |
| 2010-11& 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീ.04.06.2018 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/2074/2016 തീ.25.10.2017 | 7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1840/2017 തീ.05.06.2018 | 11 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/305/2019 തീ.03.02.2020 | 12 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/2181/2019 തീ.10.01.2020 | 50 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1951/2021 തീ.24.03.2021 | 44 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1062/2022 തീ.30.06.2022 | 45 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

എസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്